29
2022
ജനുവരി
ശനി
മകരം 15

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 229 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-229 | പേജ് 4. വില 2.00 രൂപ




02 സംസ്ഥാനത്ത് കോവിഡ് വ്യാപന വർധനവ് കുറയുന്നു

03 നോർക്ക പ്രവാസി പുനരധിവാസ പദ്ധതി ഇനി ധനലക്ഷ്മി ബാങ്കു വഴിയും

04 ലോകായുക്ത ഓർഡിനൻസ് രാഷ്ട്രപതിക്ക് അയയ്ക്കണമെന്ന് പ്രതിപക്ഷം

# എല്ലാവർക്കും ക്വാറൻറൈൻ വേണ്ട: ആരോഗ്യമന്ത്രി



തിരുവനന്തപുരം: സംസ്ഥാനത്ത് രോഗികളുടെ എണ്ണം വർധിക്കുന്നുണ്ടെങ്കിലും ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണം കൂടുന്നില്ലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഐസിയു, വെൻറിലേറ്റർ എന്നിവയുടെ ഉപയോഗവും വർധിക്കുന്നില്ല. രോഗം സ്ഥിരീകരിക്കുന്നവരിൽ 3.6 ശതമാനം മാത്രമാണ് ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നതെന്നും സ്വകാര്യ ആശുപത്രികളിലും സ്ഥിതി സമാന സാഹചര്യമാണെന്നും മന്ത്രി പറഞ്ഞു.

ഡെൽറ്റ വൈറസിനേക്കാൾ വ്യാപന ശേഷി ഒമിക്രോൺ വകഭേദത്തിന് ഉണ്ടെങ്കിലും തീവ്രത കുറവാണ് എന്നത് ആശ്വാസകരമാണ്. അതിനാൽ ആദ്യ രണ്ടു തരംഗത്തെ നേരിട്ട തന്ത്രമല്ല മൂന്നാം തരംഗത്തിൽ പ്രയോഗിക്കുന്നത്.

നിലവിൽ കോവിഡ് രോഗിയുമായി സമ്പർക്കമുള്ള എല്ലാവരും ക്വാറൻറൈൻ പാലിക്കേണ്ട ആവശ്യമില്ല. രോഗിയെ അടുത്ത് പരിചരിക്കുന്നയാൾ മാത്രം നിരീക്ഷണത്തിൽ കഴിഞ്ഞാൽ മതിയെന്നും മന്ത്രി വ്യക്തമാക്കി.

ഫെബ്രുവരി രണ്ടാം വാരത്തോടെ മൂന്നാം തരംഗത്തിൽ കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചികിത്സ ആവശ്യമുള്ള എല്ലാവർക്കും പ്രത്യേക പരിചരണം നൽകും. ടെലി കൺസൾട്ടേഷൻ പരമാവധി ഉപയോഗിക്കാൻ ശ്രമിക്കണം. വിരമിച്ച ഡോക്ടർമാരുടെ സേവനം ടെലി കൺസൾട്ടേഷന് ഉപയോഗിക്കും. രണ്ടു മാസത്തേക്ക് ഡോക്ടർമാരെ താത്കാലിക സേവനത്തിന് നിയോഗിക്കുമെന്നും മന്ത്രി അറിയിച്ചു.

## പൾസർ സുനിയെ അന്വേഷണസംഘം ചോദ്യം ചെയ്തു

കൊച്ചി: നടിയെ ആക്രമിച്ച കേസിലെ പ്രതി പൾസർ സുനിയെ പോലീസ് ചോദ്യം ചെയ്തു. എറണാകുളം സബ് ജയിലിലെത്തിയാണ് അന്വേഷണ സംഘം ചോദ്യം ചെയ്തത്. ചോദ്യം ചെയ്യൽ ഏകദേശം ഒരുമണിക്കൂറോളം നീണ്ടു.

നടൻ ദിലീപിനെ കാണാനെത്തിയപ്പോൾ സുനിൽ കുമാറിനൊപ്പം കാറിൽ യാത്ര ചെയ്തിട്ടുണ്ടെന്നും ദിലീപിൻറെ സഹോദരൻ അനൂപ്, സുനിൽ കുമാറിന് പണം നൽകിയത് കണ്ടിട്ടുണ്ടെന്നതടക്കമുള്ള വിവരങ്ങൾ നേരത്തെ ബാലചന്ദ്ര കുമാർ വെളിപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിലാണ ചോദ്യം ചെയ്യൽ നടന്നത്.

# ഞായറാഴ്ചകളിലെ നിയന്ത്രണം ആരാധനാവകാശങ്ങളെ ഹനിക്കുന്നത്; കെസിബിസി

തിരുവനന്തപുരം: കോവിഡ് വ്യാപനത്തിൻറെ പേരിൽ ദേവാലയങ്ങൾ കേന്ദ്രീകരിച്ച് നിയന്ത്രണം നടപ്പാക്കുന്നതിനെതിരെ കെസിബിസി(കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ) പ്രസിഡൻറ് മാർ ജോർജ് ആലഞ്ചേരി. ഞായറാഴ്ചകളിലെ നിയന്ത്രണം ക്രിസ്ത്യാനികളുടെ ആരാധനാവകാശങ്ങളെ ഹനിക്കുന്നതാണെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി വാർത്താകുറിപ്പിൽ വിമർശിച്ചു.

വിശ്വാസികൾ ദൈവാലയങ്ങളിലെ ആരാധനകളിൽ ഓൺലൈനിലൂടെ മാത്രമേ പങ്കെടുക്കാവൂവെന്ന സംസ്ഥാന സർക്കാരിൻറെ കർശന നിയന്ത്രണം യുക്തിസഹമല്ലെന്നും വാർത്താക്കുറിപ്പിലൂടെ അദ്ദേഹം അറിയിച്ചു.

മറ്റു പല മേഖലകളിലും നിയന്ത്രണങ്ങളോടുകൂടി പരിപാടികൾ അനുവദിക്കുമ്പോൾ, കോവിഡ് നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുവരുന്ന ദേവാലയങ്ങൾക്കു മാത്രമായി ഇത്തരമൊരു കടുത്ത നിയന്ത്രണം ഏർപ്പെടുത്തുന്നത് പുനഃപരിശോധിക്കേണ്ടതാണ്.

ആഴ്ചയിലെ മറ്റ് ദിവസങ്ങളിൽ ഏർപ്പെടുത്താത്ത നിയന്ത്രണങ്ങൾ ഞായറാഴ്ചകളിൽ മാത്രമായി ഏർപ്പെടുത്തിയിരിക്കുന്നത് ക്രിസ്തീയ വിഭാഗങ്ങളുടെ ആരാധനാവകാശങ്ങളെ ഹനിക്കുന്നതാണ്. സർക്കാർ വിശ്വാസി സമൂഹത്തിൻറെ ആരാധനാവകാശങ്ങളെ മാനിച്ചുകൊണ്ടുള്ള കോവിഡ് നിയന്ത്രണങ്ങൾ കൊണ്ടുവരണമെന്നും മാർ ജോർജ് ആലഞ്ചേരി ആവശ്യപ്പെട്ടു.

# ഇ. സോമനാഥിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി അനുശോചിച്ചു

മലയാള മനോരമ സ്പെഷ്യൽ കറസ്പോണ്ടന്റായിരുന്ന ഇ. സോമനാഥിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. രണ്ടു പതിറ്റാണ്ടിലേറെയായി തലസ്ഥാനത്ത് മാധ്യമ പ്രവർത്തകനായിരുന്ന സോമനാഥ് നിയമസഭാ റിപ്പോർട്ടിംഗിലൂടെയും പ്രതിവാര കോളത്തിലൂടെയും മികവുതെളിയിച്ച പ്രഗത്ഭ പത്രപ്രവർത്തകനായിരുന്നുവെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

മുതിർന്ന പത്രപ്രവർത്തകൻ ഇ.സോമനാഥിന്റെ അകാല നിര്യാണത്തിൽ ഗതാഗതമന്ത്രി ആന്റണി രാജു അനുശോചനം അറിയിച്ചു. സൂക്ഷ്മ നിരീക്ഷണങ്ങൾ നിറഞ്ഞ രാഷ്ട്രീയ റിപ്പോർട്ടുകളിലൂടെ മലയാള പത്രപ്രവർത്തന രംഗത്ത് തനതായ വ്യക്തിമുദ്രപതിപ്പിച്ച അദ്ദേഹത്തിന്റെ നിയമസഭാ അവലോകനങ്ങൾ മാധ്യമലോകത്ത് എന്നും ശ്രദ്ധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങളോടൊപ്പം ദുഃഖത്തിൽ പങ്കുചേരുന്നതായും മന്ത്രി പറഞ്ഞു.

സമകാലീന മാധ്യമരംഗത്തെ ഒരു അസാധാരണ വ്യക്തിത്വത്തെയാണ് ഇ. സോമനാഥിന്റെ നിര്യാണത്തിലൂടെ നഷ്ടപ്പെട്ടതെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി ജി.ആർ.അനിൽ അനുശോചനസന്ദേശത്തിൽ അറിയിച്ചു. രാഷ്ട്രീയം, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ പത്രപ്രവർത്തകരിൽ മുൻ നിരയിലായിരുന്നു സോമനാഥിന്റെ സ്ഥാനം. മലയാള മനോരമയുടെ എഡിറ്റ് പേജിൽ തുടർച്ചയായി വന്ന 'ആഴ്ചക്കുറിപ്പുകൾ', 'നടുത്തളം എന്ന പേരിലെ നിയമസഭാവലോകനം എന്നിവയെല്ലാം എല്ലാവരാലും ശ്രദ്ധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിമർശനങ്ങളും ആക്ഷേപഹാസ്യലേഖനങ്ങളും ക്രിയാത്മകമായ അർത്ഥത്തിലെടുക്കാൻ ഏവർക്കും കഴിഞ്ഞു. പുതുതലമുറയിലെ മാധ്യമപ്രവർത്തകർക്ക് ഇ.സോമനാഥ് ഒരു മാതൃകയാണ്. അദ്ദേഹവുമായുള്ള ദീർഘവർഷത്തെ സൗഹൃദം മന്ത്രി അനുസ്മരിച്ചു.

## മുഖ്യമന്ത്രി ശനിയാഴ്ച കേരളത്തിലെത്തില്ല; ഒരാഴ്ച യുഎഇയിൽ

ദുബായ്: അമേരിക്കയിൽ ചികിത്സയ്ക്ക് പോയ മുഖ്യമന്ത്രി പിണറായി വിജയൻ ശനിയഴ്ച കേരളത്തിൽ മടങ്ങിയെത്തില്ല. മുഖ്യമന്ത്രിയുടെ യാത്രാ പരിപാടിയിൽ മാറ്റം വരുത്തി.

ശനിയാഴ്ച ദുബായിലെത്തുന്ന മുഖ്യമന്ത്രി ഒരാഴ്ച യുഎഇയിലെ വിവിധ എമിറേറ്റുകൾ സന്ദർശിക്കും. എക്സ്പോയിലെ കേരള പവലിയൻറെ ഉദ്ഘാടനവും നിർവഹിക്കും.

## ദിലീപിനെ കസ്റ്റഡിയിൽ വേണം; ഉപഹർജിയുമായി പോലീസ്

കൊച്ചി: അന്വേഷണ ഉദ്യോഗസ്ഥരെ വകവരുത്താൻ ഗൂഢാലോചന നടത്തിയെന്ന കേസിൽ നടൻ ദിലീപ് അടക്കമുള്ള പ്രതികളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യാൻ അനുമതി തേടി പ്രോസിക്യൂഷൻ ഹൈക്കോടതിയിൽ ഉപഹർജി നൽകി. ബുധനാഴ്ച വരെ പ്രതികളുടെ അറസ്റ്റ് നേരത്തെ ഹൈക്കോടതി തടഞ്ഞിരുന്നു.

കൂടുതൽ ഡിജിറ്റൽ തെളിവുകൾ ഹാജരാക്കാൻ സമയം വേണമെന്ന പ്രോസിക്യൂഷൻ ആവശ്യം പരിഗണിച്ചാണ് കഴിഞ്ഞ ദിവസം ഹൈക്കോടതി കേസ് മാറ്റിയത്. ഇതിനിടെയാണ് നാടകീയ നീക്കവുമായി പ്രോസിക്യൂഷൻ ഇന്ന് രംഗത്തെത്തിയത്. ഉപഹർജി സ്വീകരിച്ച കോടതി ഉച്ചയ്ക്ക് 1.45ന് പരിഗണിക്കും. ദിലീപ് അടക്കമുള്ള പ്രതികൾ മുൻപ് ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണുകൾ ഒളിപ്പിച്ചെന്നും ഇത് തെളിവ് നശിപ്പിക്കാനുള്ള ശ്രമത്തിൻറെ ഭാഗമാണെന്നുമാണ് പ്രോസിക്യൂഷൻ ഉപഹർജിയിലെ വാദം. ഉദ്യോഗസ്ഥരെ അപായപ്പെടുത്താൻ ഗൂഢാലോചന നടത്തിയ കേസിലെ നിർണായ തെളിവുകൾ ഫോൺ പരിശോധിച്ചാൽ ലഭിക്കും. ഇത് മുൻകൂട്ടി കണ്ടാണ് പ്രതികൾ ഫോൺ ഒളിപ്പിച്ചത്. ഇത് കണ്ടെടുക്കാൻ പ്രതികളെ കസ്റ്റഡിയിൽ വേണമെന്നാണ് പ്രോസിക്യൂഷൻ നിലപാട്.

# മുതിർന്ന മാധ്യമപ്രവർത്തകൻ ഇ.സോമനാഥ് അന്തരിച്ചു



തിരുവനന്തപുരം : മുതിർന്ന മാധ്യമപ്രവർത്തകനും മലയാള മനോരമ മുൻ സീനിയർ സ്പെഷൽ കറസ്പോണ്ടന്റുമായ ഇ.സോമനാഥ്(58) അന്തരിച്ചു. മസ്തിഷ്കാഘാതത്തെ തുടർന്നു തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പൂജപ്പുര പ്രകാശ് നഗറിലെ അളകനന്ദ വീട്ടിലെത്തിച്ച ഭൗതികശരീരം മൂന്നിന് പ്രസ് ക്ലബിൽ പൊതുദർശനത്തിനു വച്ച ശേഷം തൈക്കാട് ശാന്തികവാടത്തിൽ സംസ്കാരം നടത്തി. രാധ പി.പണിക്കരാണ് ഭാര്യ. മകൾ: ദേവകി. മരുമകൻ: മിഥുൻ.

രാഷ്ട്രീയം, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ കേരളം കണ്ട ഏറ്റവും മികച്ച മാധ്യമപ്രവർത്തകരിൽ ഒരാളായിരുന്നു സോമനാഥ്. അതുല്യമായ ശൈലിയിൽ അദ്ദേഹം എഴുതിയ രാഷ്ട്രീയലേഖനങ്ങളും പംക്തികളും ഏറെ ശ്രദ്ധിക്കപ്പെട്ടു. മുതിർന്ന മാധ്യമപ്രവർത്തകരിൽ ഒരാളായിരിക്കുമ്പോഴും മറ്റുള്ളവരോടു നടത്തിയ ലാളിത്യ മാർന്ന ഇടപെടലുകൾ വഴി 'സോമേട്ടൻ' എന്നാണ് മാധ്യമപ്രവർത്തകർക്കിടയിലും പൊതുസമൂഹത്തിലും ഇ.സോമനാഥ് പൊതുവേ വിളിക്കപ്പെട്ടത്.

'ആഴ്ചക്കുറിപ്പുകൾ' എന്ന പേരിൽ മലയാള മനോരമ എഡിറ്റോറിയൽ പേജിൽ സോമനാഥ് ദീർഘകാലം എഴുതിയ പ്രതിവാര രാഷ്ട്രീയ പംക്തിയിലെ ലേഖനങ്ങൾ കേരളമാകെ ചർച്ച ചെയ്തവയാണ്. വിപുലമായ വായന ആ എഴുത്തിന് ഉൾക്കാമ്പു നൽകി. സോമനാഥിന്റെ 'നടുത്തളം' നിയമസഭാവലോകനങ്ങൾ സൂക്ഷ്മനിരീക്ഷണം കൊണ്ടും മൂർച്ചയേറിയ ആക്ഷേപഹാസ്യ ശരങ്ങൾ കൊണ്ടും വേറിട്ടുനിന്നു. വിമർശനാത്മകമായി ആണെങ്കിൽ പോലും അതിൽ പേരു പരാമർശിക്കപ്പെടാൻ ആഗ്രഹിക്കാത്ത നിയമസഭാംഗങ്ങൾ കുറവായിരുന്നു. ഔദ്യോഗിക കാലയളവിനിടെ വെറും അഞ്ചു ദിവസം മാത്രമാണ് സോമനാഥ് നിയമസഭാ അവലോകനത്തിനായി സഭയിലെത്താതിരുന്നത്.

നിയമസഭാ റിപ്പോർട്ടിങ്ങിൽ പതിറ്റാണ്ടുകൾ പിന്നിട്ട അപൂർവത കണക്കിലെടുത്ത് സാമാജികർക്കു മാത്രമായി അനുവദിച്ച നിയമസഭയിലെ മീഡിയാ റൂമിൽ പ്രത്യേക ചടങ്ങിലൂടെ ഇക്കഴിഞ്ഞ ഓഗസ്റ്റിൽ സോമനാഥിനെ ആദരിച്ചിരുന്നു. സ്പീക്കറും മന്ത്രിമാരും എംഎൽഎമാരും നേരിട്ടെത്തിയാണ് സോമനാഥിനെ ഇതിൽ ആദരിച്ചത്. സഭാ റിപ്പോർട്ടിങ്ങിനായി എത്തുന്ന യുവ മാധ്യമപ്രവർത്തകർക്കുപോലും മാർഗനിർദ്ദേശങ്ങൾ തേടാൻ വലുപ്പചെറുപ്പമില്ലാതെ ഇടപെടാനാകുന്ന വ്യക്തിത്വം കൂടിയായിരുന്നു സോമനാഥ്. 34 വർഷം മലയാള മനോരമയിൽ സേവനമനുഷ്ഠിച്ച ഇ.സോമനാഥ് ഇക്കാലയളവിൽ കോട്ടയം, ഇടുക്കി, കണ്ണൂർ, കൊല്ലം, ഡൽഹി, തിരുവനന്തപുരം യൂണിറ്റുകളിൽ പ്രവർത്തിച്ചു.

തികഞ്ഞ പ്രകൃതിസ്നേഹി കൂടിയായ സോമനാഥ് കടന്നുചെല്ലാത്ത കാടുകൾ കേരളത്തിൽ കുറവാണ്. നിരവധി വനപാലകരും കാടു പരിപാലിക്കുന്നവരും സോമനാഥിന്റെ സുഹൃത്ത്വലയത്തിൽ ഉൾപ്പെട്ടു. പ്രകൃതി സ്നേഹത്തിന്റെ നിറവുൾക്കൊണ്ട് ദിവസങ്ങളോളം കാടിനുള്ളിൽ ചെലവഴിച്ച സോമനാഥിന് കേരളത്തിലെ ഒട്ടുമിക്ക വനമേഖലകളും നാട്ടുവഴികളെപ്പോലെ പരിചിതമായിരുന്നു. വനത്തിനുള്ളിൽ കഴിയുന്ന ആദിവാസികളെ പോലും പേരെടുത്തു പറയാനുള്ള അടുപ്പവും അദ്ദേഹം സൂക്ഷിച്ചു.

മലപ്പുറം വള്ളിക്കുന്ന് അത്താണിക്കലാണു സ്വദേശം. വള്ളിക്കുന്ന് നേറ്റീവ് എയുപി സ്കൂൾ പ്രധാന അധ്യാപകനും മാനേജരുമായിരുന്ന പരേതനായ സി.എം.ഗോപാലൻ നായരുടെയും ഇതേ സ്കൂളിലെ അധ്യാപികയായിരുന്ന പരേതയായ ഇ.ദേവകിയമ്മയുടെയും മകൻ. സഹോദരങ്ങൾ: പ്രേമകുമാരി (റിട്ട. അധ്യാപിക, മോഡൽ ഹയർ സെക്കൻഡറി സ്കൂൾ, കോഴിക്കോട് സർവകലാശാല ക്യാംപസ്), വേലായുധൻകുട്ടി (റിട്ട. അധ്യാപകൻ, സി.ബി ഹയർ സെക്കൻഡറി സ്കൂൾ, വള്ളിക്കുന്ന്), വിജയലക്ഷ്മി( റിട്ട.പ്രഫസർ, മട്ടന്നൂർ പഴശ്ശിരാജ കോളജ്), ജാനകി ദേവി (റിട്ട. അധ്യാപിക, നേറ്റീവ് എയുപി സ്കൂൾ), ബാലസുബ്രഹ്മണ്യം.

# സോമേട്ടൻ ഒന്നും പറയാതെ പോയി....



# മനുഷ്യ മനസ്സിന്റെ ആഴങ്ങളിൽ വരെ ചലനം സൃഷ്ടിക്കാനുള്ള ശേഷി ഇന്ത്യൻ സംഗീതത്തിനുണ്ട്: പ്രധാനമന്ത്രി

ന്യൂഡൽഹി : ഇന്ത്യൻ ശാസ്ത്രീയ സംഗീതലോകത്തെ കുലപതിമാരിൽ ഒരാളായിരുന്ന പണ്ഡിറ്റ് ജസ്‌രാജിന്റെ ജയന്തി ദിനത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. പണ്ഡിറ്റ് ജസ്‌രാജിന്റെ സംഗീതത്തിന്റെ അനശ്വരമായ ഊർജത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് പ്രധാനമന്ത്രി സംസാരിക്കുകയും മഹാനായ ആ സംഗീതജ്ഞന്റെ മഹത്തായ പാരമ്പര്യം നിലനിർത്തിയതിന് ദുർഗ ജസ്‌രാജിനെയും പണ്ഡിറ്റ് ശരംഗ് ദേവിനെയും അഭിനന്ദിക്കുകയും ചെയ്തു. പണ്ഡിറ്റ് ജസ്‌രാജ് കൾച്ചറൽ ഫൗണ്ടേഷന്റെ ഉദ്ഘാടന ചടങ്ങിൽ വീഡിയോ കോൺഫറൻസിങ് വഴി സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഇന്ത്യൻ സംഗീത പാരമ്പര്യത്തിലെ ഋഷിമാർ പകർന്നുനൽകിയ വിപുലമായ അറിവുകളെ പ്രധാനമന്ത്രി സ്പർശിച്ചു. പ്രാപഞ്ചിക ഊർജ്ജം അനുഭവിക്കാനുള്ള ശക്തിയും പ്രപഞ്ചത്തിന്റെ ഒഴുക്കിൽ സംഗീതം കാണാനുള്ള കഴിവുമാണ് ഇന്ത്യൻ ശാസ്ത്രീയ സംഗീത പാരമ്പര്യത്തെ അസാധാരണമാക്കുന്നതെന്ന് ശ്രീ മോദി പറഞ്ഞു. 'സംഗീതം നമ്മുടെ ലൗകിക കടമകളെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്ന ഒരു മാധ്യമമാണ്, കൂടാതെ അത് ലൗകികമായ ബന്ധനങ്ങളെ മറികടക്കാൻ നമ്മെ സഹായിക്കുന്നു', പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യയുടെ കലയുടെയും സംസ്കാരത്തിന്റെയും സമ്പന്നമായ പൈതൃകം സംരക്ഷിക്കുകയെന്ന ലക്ഷ്യമുള്ള പണ്ഡിറ്റ് ജസ്‌രാജ് കൾച്ചറൽ ഫൗണ്ടേഷനെ പ്രധാനമന്ത്രി പ്രശംസിച്ചു. സാങ്കേതികവിദ്യയുടെ ഈ യുഗത്തിലെ രണ്ട് പ്രധാന വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അദ്ദേഹം ഫൗണ്ടേഷനോട് ആവശ്യപ്പെട്ടു. ഒന്നാമതായി, ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ ഇന്ത്യൻ സംഗീതം അതിന്റെ ഐഡന്റിറ്റി സൃഷ്ടിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ പൈതൃകത്തിൽ നിന്ന് ലോകം പ്രയോജനം നേടിയെന്നും , മനുഷ്യ മനസ്സിന്റെ ആഴങ്ങളിൽ വരെ ചലനം സൃഷ്ടിക്കാനുള്ള ശേഷി ഇന്ത്യൻ സംഗീതത്തിനുണ്ടെന്നും യോഗ ദിനാനുഭവം സൂചിപ്പിക്കുന്നു. 'ലോകത്തിലെ ഓരോ വ്യക്തിക്കും ഇന്ത്യൻ സംഗീതത്തെ കുറിച്ച് അറിയാനും പഠിക്കാനും നേട്ടങ്ങൾ അനുഭവിക്കാനും അർഹതയുണ്ട്. അത് പരിപാലിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

രണ്ടാമതായി, സാങ്കേതികവിദ്യയുടെ സ്വാധീനം എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ സംഗീത മേഖലയിലും സാങ്കേതികവിദ്യയുടെയും ഐടിയുടെയും വിപ്ലവം ഉണ്ടാകണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യൻ ഉപകരണങ്ങളും പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി സംഗീതത്തിനായി മാത്രം സമർപ്പിതരായ സ്റ്റാർട്ടപ്പുകൾക്കായി അദ്ദേഹം ആഹ്വാനം ചെയ്തു.

കാശി പോലുള്ള സംസ്കാരത്തിന്റെയും കലയുടെയും കേന്ദ്രങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള സമീപകാല ശ്രമങ്ങളെക്കുറിച്ചും അദ്ദേഹം ശ്രദ്ധിച്ചു. പരിസ്ഥിതി സംരക്ഷണത്തിലും പ്രകൃതിയോടുള്ള സ്നേഹത്തിലും ഉള്ള വിശ്വാസത്തിലൂടെ ഇന്ത്യ ലോകത്തിന് സുരക്ഷിതമായ ഭാവിയിലേക്കുള്ള വഴി കാണിച്ചുകൊടുത്തതായി പ്രധാനമന്ത്രി പറഞ്ഞു. 'പൈതൃകത്തോടൊപ്പം വികസനത്തിന്റെ ഈ ഇന്ത്യൻ യാത്രയിൽ, 'സബ്ക പ്രയാസ്' ഉൾപ്പെടുത്തണം,' അദ്ദേഹം ഉപസംഹരിച്ചു.



ആഫ്റ്റർ കെയർ ഹോമിലുണ്ടായിരുന്ന പെൺകുട്ടികളുടെ വിവാഹ ചടങ്ങിൽ നിന്ന്

# ബി.എസ്‌സി നഴ്സിംഗ് സർവീസ് ക്വാട്ട പ്രവേശനം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോസ്റ്റ് ബേസിക് ബി.എസ്‌സി നഴ്സിംഗ് കോഴ്സിന്റെ സർവീസ് ക്വാട്ട പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ താത്കാലിക റാങ്ക് ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലും ഡി.എം.ഇ യുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചു. ലിസ്റ്റ് സംബന്ധിച്ച പരാതികൾ 31 ന് വൈകിട്ട് 5 നകം അറിയിക്കണം. കോഴ്സിലേക്കുള്ള അലോട്ട്മെന്റ് ഫെബ്രുവരി 4, 5 തീയതികളിൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നടത്തും. വിശദ വിവരങ്ങൾക്ക്: ൦൦൦.റാല.സല്യമഹമ.ഴീ.ശി.

# പാലക്കാട് മെഡിക്കൽ കോളേജിൽ ഡയറക്ടർ: അപേക്ഷാ തീയതി നീട്ടി

പാലക്കാട് ഗവ. മെഡിക്കൽ കോളേജിൽ (ഐ.ഐ.എം.എസ്) ഡയറക്ടർ തസ്തികയിൽ നിയമനത്തിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ, എം.ബി.ബി.എസ്, മെഡിക്കൽ പോസ്റ്റ് ഗ്രാജുവേഷനുമുള്ള 15 വർഷത്തിൽ കുറയാത്ത മെഡിക്കൽ കോളേജ് അധ്യാപന പരിചയമുള്ളവർ, ഗവൺമെന്റ് സർവീസിൽ കുറഞ്ഞത് 15 വർഷത്തെ പ്രവൃത്തി പരിചയമുള്ളതും എം.ബി.ബി.എസ് ഡിഗ്രിയുള്ളതുമായ മാനേജ്മെന്റ് വിദഗ്ധർ എന്നിവരിൽ നിന്ന് അന്യത്ര സേവന വ്യവസ്ഥയിലോ കരാർ വ്യവസ്ഥയിലോ നിയമനം നടത്തുന്നതിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഫെബ്രുവരി രണ്ടുവരെ ദീർഘിപ്പിച്ചു. നിശ്ചിത യോഗ്യതയുള്ളവർ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം695 001 വിലാസത്തിൽ നേരിട്ടോ ഫെബ്രുവരി രണ്ടിന് വൈകിട്ട് അഞ്ചിനു മുമ്പ് അപേക്ഷ സമർപ്പിക്കണം. കൂടുതൽവിവരങ്ങളും അപേക്ഷാഫോമും www.gm-cp-a-l-a-k-k-a-d.in ൽ ലഭിക്കും.

# വോക്ക്ഇൻ ഇന്റർവ്യൂ

പരവൂർ സർക്കാർ ആയുർവ്വേദ ആശുപത്രിയിലേക്ക് മെഡിക്കൽ ഓഫീസർ (ശല്യതന്ത്ര) തസ്തികയിലേയ്ക്കുള്ള വോക്ക് ഇൻ ഇന്റർവ്യൂ ഫെബ്രുവരി ഒമ്പത് രാവിലെ 11ന് ആശ്രാമം ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കും. യോഗ്യത 18നും 38നും മദ്ധ്യേ പ്രായമുള്ള കേരള ഗവൺമെന്റും ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിലും അംഗീകരിച്ച ബി.എ.എം.എസ് ഡിഗ്രിയും എം.എസ് ശല്യതന്ത്രം സർട്ടിഫിക്കറ്റും എക്ലാസ് രജിസ്ട്രേഷനും ഉണ്ടായിരിക്കണം. ഫോൺ 04742763044.

# പെൺകുട്ടികൾക്കും സ്ത്രീകൾക്കുമായി പ്രതിരോധ സ്ഥാപനങ്ങളുടെ വാതിലുകൾ തുറന്നിടും

ന്യൂഡൽഹി : കരിയപ്പ ഗ്രൗണ്ടിൽ ദേശീയ കേഡറ്റ് കോർ (എൻ.സി.സി) റാലിയെ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി അഭിസംബോധന ചെയ്തു. എൻ.സി.സി സംഘങ്ങളുടെ മാർച്ച് പാസ്റ്റ് അവലോകനം ചെയ്തു, കൂടാതെ എൻ.സി.സി കേഡറ്റുകൾ പ്രകടിപ്പിച്ച ആർമി ആക്ഷനുകൾ, ഇഴഞ്ഞു നീങ്ങുക (സ്ലിതറിംഗ്), ചെറുവിമാനം പറപ്പിക്കൽ (മൈക്രോലൈറ്റ് ഫ്ളയിംഗ്), പാരാസെയിലിംഗ്, സാംസ്കാരിക പരിപാടികൾ എന്നിവയിൽ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ചതിനും സാക്ഷിയായി. മികച്ച കേഡറ്റുകൾ പ്രധാനമന്ത്രിയിൽ നിന്ന് മെഡലും ബാറ്റണും ഏറ്റുവാങ്ങി.

രാജ്യം ആസാദി കാ അമൃത് മഹോത്സവം ആഘോഷിക്കുന്ന വേളയിൽ ആഘോഷങ്ങളിലെ വ്യത്യസ്ത തലത്തിലുള്ള ആവേശം സദസിനെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. തന്റെ എൻ.സി.സി ബന്ധത്തെ പ്രധാനമന്ത്രി അഭിമാനത്തോടെ സ്മരിക്കുകയും രാജ്യത്തോടുള്ള തന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനുള്ള കരുത്ത് നൽകിയത് എൻ.സി.സി കേഡറ്റ് എന്ന നിലയിൽ തനിക്ക് ലഭിച്ച പരിശീലനത്തിന് സമ്മാനിക്കുകയും ചെയ്തു.

രാഷ്ട്രനിർമ്മാണത്തിൽ നൽകിയ സംഭാവനകൾക്ക് ലാലാ ലജ്പത് റായ്, ഫീൽഡ് മാർഷൽ കരിയപ്പ എന്നിവർക്ക് പ്രധാനമന്ത്രി ആദരാഞ്ജലികൾ അർപ്പിച്ചു. ഇന്ത്യയുടെ ധീരരായ ഈ രണ്ട് പുത്രന്മാരുടെയും ജന്മവാർഷികമാണിന്ന്.

രാജ്യം പുതിയ പ്രതിജ്ഞകളുമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ രാജ്യത്ത് എൻ.സി.സിയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് പ്രധാനമന്ത്രി സംസാരിച്ചു. ഇതിനായി രാജ്യത്ത് ഒരു ഉന്നതതല അവലോകന സമിതി രൂപീകരിച്ചു. കഴിഞ്ഞ രണ്ട് വർഷത്തിനിടെ രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ ഒരു ലക്ഷം പുതിയ കേഡറ്റുകളെ സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പെൺകുട്ടികൾക്കും സ്ത്രീകൾക്കുമായി പ്രതിരോധ സ്ഥാപനങ്ങളുടെ വാതിലുകൾ തുറക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് പ്രധാനമന്ത്രി വിശദീകരിച്ചു. ഗേൾ (പെൺകുട്ടികൾ) കേഡറ്റുകളുടെ വലിയൊരു സാന്നിധ്യം അദ്ദേഹം ചൂണ്ടിക്കാട്ടുകയും അത് രാജ്യത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന മനോഭാവത്തിന്റെ പ്രതീകമാണെന്ന് വിശേഷിപ്പിക്കുകയും ചെയ്തു. "രാജ്യത്തിന് നിങ്ങളുടെ സംഭാവന അനിവാര്യമാണ്, അതിന് ധാരാളം അവസരങ്ങളുമുണ്ട്", അദ്ദേഹം കേഡറ്റുകളായ പെൺകുട്ടികളോട് പറഞ്ഞു. രാജ്യത്തിന്റെ പെൺമക്കൾ ഇപ്പോൾ സൈനിക് സ്കൂളിൽ പ്രവേശനം നേടുന്നുണ്ടെന്നും സ്ത്രീകൾക്ക് സൈന്യത്തിൽ പ്രധാന ചുമതലകൾ ലഭിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ പെൺമക്കൾ വ്യോമസേനയിൽ യുദ്ധവിമാനങ്ങൾ പറത്തുകയാണ്. "ഇത്തരമൊരു സാഹചര്യത്തിൽ കൂടുതൽ കൂടുതൽ പെൺമക്കളെ എൻ.സി.സിയിൽ ഉൾപ്പെടുത്തുന്നതിനാണ് ഞങ്ങളുടെ പരിശ്രമം" അദ്ദേഹം കൂട്ടിച്ചേർത്തു.

ഭൂരിഭാഗവും ഈ നൂറ്റാണ്ടിൽ ജനിച്ചവരായ കേഡറ്റുകളുടെ യുവത്വത്തെക്കുറിച്ചുള്ള ചെറുവിവരണം നൽകികൊണ്ട് രാജ്യത്തെ 2047ലേക്ക് കൊണ്ടുപോകുന്നതിൽ അവർക്കുള്ള പങ്കിൽ പ്രധാനമന്ത്രി അടിവരയിട്ടു. "നിങ്ങളുടെ പരിശ്രമവും പ്രതിജ്ഞയും ആ പ്രതിജ്ഞകളുടെ പൂർത്തീകരണവുമാണ് ഇന്ത്യയുടെ നേട്ടവും വിജയവും", അദ്ദേഹം പറഞ്ഞു. രാഷ്ട്രം ആദ്യം എന്ന ചിന്തയുമായി യുവാക്കൾ മുന്നേറുന്ന രാജ്യത്തെ തടയാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. കളിസ്ഥലത്തും സ്റ്റാർട്ടപ്പ് പരിസ്ഥിതിമണ്ഡലങ്ങളിലുമുള്ള ഇന്ത്യയുടെ വിജയം ഇതിന്റെ വളരെ വ്യക്തമായ ദൃഷ്ടാന്തമാണ്, പ്രധാനമന്ത്രി പറഞ്ഞു. അമൃത് കാലിൽ, അതായത് ഇന്നു മുതൽ അടുത്ത 25 വർഷം വരെയുള്ള സമയത്ത്, തങ്ങളുടെ അഭിലാഷങ്ങളേയും പ്രവർത്തനങ്ങളേയും രാജ്യത്തിന്റെ വികസനവും പ്രതീക്ഷകളുമായി സംയോജിപ്പിക്കാൻ കേഡറ്റുകളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. പ്രാദേശികതയ്ക്ക് വേണ്ടിയുള്ള ശബ്ദം (വോക്കൽ ഫോർ ലോക്കൽ) സംഘടിതപ്രവർത്തനത്തിൽ ഇന്നത്തെ യുവത്വത്തിന് സുപ്രധാന പങ്ക് വഹിക്കാനാകുമെന്നതിലും പ്രധാനമന്ത്രി അടിവരയിട്ടു. " ഒരു ഇന്ത്യക്കാരന്റെ അദ്ധ്വാനവും വിയർപ്പും ഉപയോഗിച്ച് സൃഷ്ടിച്ച സാധനങ്ങൾ മാത്രമേ ഉപയോഗിക്കുകയുള്ളുവെന്ന് ഇന്നത്തെ യുവത്വം തീരുമാനിച്ചാൽ, ഇന്ത്യയുടെ ഭാഗധേയം മാറ്റിമറിക്കാൻ കഴിയും", അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഇന്ന് ഒരു വശത്ത് ഡിജിറ്റൽ സാങ്കേതികവിദ്യയും വിവരങ്ങളുമായി ബന്ധപ്പെട്ട നല്ല സാദ്ധ്യതകളുണ്ടെന്നും മറുവശത്ത് തെറ്റായ വിവരങ്ങളുടെ അപകടങ്ങളുണ്ടെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. നമ്മുടെ രാജ്യത്തെ സാധാരണക്കാർ ഒരു കിംവദന്തിയിലും വീഴാതിരിക്കേണ്ടതും അനിവാര്യമാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇതിനായി എൻ.സി.സി കേഡറ്റുകൾ ഒരു ബോധവൽക്കരണ പ്രചാരണം നടത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

എൻ.സി.സിയും/എൻ.എസ്.എസും ഉള്ള കാമ്പസുകളിൽ മയക്കുമരുന്നുകൾ എത്തിപ്പെടാൻ പാടില്ലെന്നതിന് പ്രധാനമന്ത്രി ഊന്നൽ നൽകി. കേഡറ്റുകളോട് സ്വയം മയക്കുമരുന്നുകളിൽ നിന്നും മോചിതരായി നിൽക്കാനും അതോടൊപ്പം കാമ്പസുകളെ മയക്കുമരുന്ന് മുക്തമാക്കാനും അദ്ദേഹം ഉപദേശിച്ചു. എൻ.സി.സിയിലും എൻ.എസ്.എസിലും ഇല്ലാത്ത സുഹൃത്തുക്കളെ ഈ മോശം സ്വഭാവം ഉപേക്ഷിക്കുന്നതിന് സഹായിക്കുന്നതിനും അദ്ദേഹം ഊന്നൽ നൽകി.

രാജ്യത്തിന്റെ സംയോജിത പരിശ്രമങ്ങൾക്ക് നവ ഊർജ്ജം പ്രദാനം ചെയ്യുന്നതിനായി പ്രവർത്തിക്കുന്ന സെൽഫ് 4 സൊസൈറ്റി പോർട്ടലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനും പ്രധാനമന്ത്രി നിർദ്ദേശിച്ചു. ഏഴായിരത്തിലധികം സംഘടനകളും 2.25ലക്ഷത്തിലധികം പേരും ഈ പോർട്ടലുമായി സഹകരിക്കുന്നുണ്ട്.

# ക്ഷീരവികസന വകുപ്പിൽ വിവിധ തസ്തികകളിൽ നിയമനം

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിക്കുന്ന കേരള സ്റ്റേറ്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ റിസർച്ച് അസോസിയേറ്റ്സ്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ ഒഴിവിൽ അപേക്ഷ ക്ഷണിച്ചു. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം. എല്ലാ തസ്തികകളിലും രണ്ടുവർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം.

റിസർച്ച് അസോസിയേറ്റ്/സബ്ജക്ട് എക്സ്പെർട്ട് തസ്തികയിൽ ഡെയറി സയൻസ്/ടെക്നോളജി ബിരുദമാണ് യോഗ്യത. 36,000 രൂപയാണ് വേതനം.

റിസർച്ച് അസോസിയേറ്റ് തസ്തികയിൽ ഗ്രാജുവേറ്റ്/പോസ്റ്റ് ഗ്രാജുവേറ്റ് ഇൻ ഡാറ്റാ സയൻസ്/സ്റ്റാറ്റിസ്റ്റിക്സ് ആണ് യോഗ്യത. 36,000 രൂപ വേതനം ലഭിക്കും.

സിസ്റ്റം അഡ്മിനിസ്ട്രേറ്റർക്ക് ബി.ടെക് ഇൻ കമ്പ്യൂട്ടർ സയൻസ്/ഇൻഫർമേഷൻ ടെക്നോളജി ആണ് യോഗ്യത. 36,000 രൂപയാണ് വേതനം.

ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്/പോസ്റ്റ് ഗ്രാജുവേറ്റ് ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് യോഗ്യത വേണം. 21,175 രൂപയാണ് വേതനം.

അപേക്ഷകർ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷയും യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ അടങ്ങിയ ബയോഡേറ്റയും ഫെബ്രുവരി 14 ന് മുൻപ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം 695 004 എന്ന വിലാസത്തിലോ റശ്യ.റമശ്യ്യ@സല്യമഹമ.ഴീ.ശി ലോ ര്യൗ.റററ@സല്യമഹമ.ഴീ.ശി ലോ ലഭ്യമാക്കണം. ഷോർട്ട് ലിസ്റ്റ് ചെയ്യുന്നവരെ അഭിമുഖത്തിന് ക്ഷണിക്കും.

# സംസ്ഥാനത്ത് കോവിഡ് വ്യാപന വർധനവ് കുറയുന്നു

സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന്റെ വർധനവ് മുൻ ആഴ്ചകളെ അപേക്ഷിച്ചു കുറയുന്നതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഡിസംബർ അവസാനത്തെ ആഴ്ച അടിസ്ഥാനമാക്കിയുള്ള പരിശോധനയിൽ ഈ മാസത്തിന്റെ ആദ്യത്തെ മൂന്ന് ആഴ്ചകളേക്കാൾ അവസാന ആഴ്ചയിൽ രോഗവ്യാപനത്തിലെ വർധന കുറഞ്ഞതായി മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജനുവരി ഒന്നു മുതലാണു കേരളത്തിൽ കോവിഡിന്റെ മൂന്നാം തരംഗം ആരംഭിച്ചത്. ഡിസംബർ അവസാന ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ ജനുവരി ആദ്യ ആഴ്ചയിൽ രോഗ വ്യാപനത്തിലെ വർധന 45 ശതമാനം ഉയർന്നു. രണ്ടാമത്തെ ആഴ്ച ഇത് 148 ശതമാനമായി. മൂന്നാമത്തെ ആഴ്ചയിൽ 215 ശതമാനമായി ഉയർന്ന വർധന ഈ ആഴ്ചയിൽ 71 ശതമാനത്തിലേക്കു താഴ്ന്നുവെന്നാണു കണക്കുകൾ സൂചിപ്പിക്കുന്നതെന്നു മന്ത്രി ചൂണ്ടിക്കാട്ടി.

കോവിഡ് ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നവരുടെ എണ്ണം മൂന്നു ശതമാനം മാത്രമാണ്. സർക്കാർ ആശുപത്രികളിലെ 40.6 ശതമാനം ഐ.സി.യു. ബെഡുകളിൽ മാത്രമേ ഇപ്പോൾ രോഗികളുള്ളൂ. കോവിഡ്, കോവിഡ് ഇതര രോഗികളുടെ എണ്ണമാണിത്. വെന്റിലേറ്റർ ഉപയോഗം 13 ശതമാനം മാത്രമാണ്. സ്വകാര്യ ആശുപത്രികളിലെ 9.3 ശതമാനം ഐ.സി.യു ബെഡുകളിലും 9.99 ശതമാനം വെന്റിലേറ്ററുകളിലും മാത്രമേ രോഗികളുള്ളൂ. ഒമിക്രോൺ മൂലമാണ് വലിയ തോതിലിലുള്ള രോഗവ്യാപനം സംസ്ഥാനത്തുണ്ടായിരിക്കുന്നത്. കോവിഡിന്റെ ഡെൽറ്റ വകഭേദവുമായി താരതമ്യം ചെയ്യുമ്പോൾ ഒമിക്രോൺ താരതമ്യേന തീവ്രമല്ല. രോഗിയുമായി സമ്പർക്കത്തിൽ വരുന്ന മുഴുവൻ പേരും ക്വാറന്റീനിൽ പോകേണ്ടതില്ല. രോഗിയുമായി നിരന്തരം സമ്പർക്കം പുലർത്തുന്നവരും പരിചരിക്കുന്നവരും മാത്രം ക്വാറന്റീനിലായാൽ മതി.

സംസ്ഥാനത്ത് എം.ബി.ബി.എസ്. നേടിയിട്ടുള്ളവരും ടി.എം.സിയിൽ താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ നേടിയിട്ടുള്ളവരുമായ ഡോക്ടർമാരും മെഡിക്കൽ പ്രൊഫഷണലുകളും വൊളന്ററി സേവനത്തിനിറങ്ങണമെന്നു മന്ത്രി അഭ്യർഥിച്ചു. രണ്ടു മാസത്തെ സേവനം പൂർത്തിയാക്കുന്നവർക്ക് ആരോഗ്യ വകുപ്പ് സർട്ടിഫിക്കറ്റ് നൽകും. ടെലിമെഡിസിൻ സംവിധാനം ശക്തമാക്കുന്നതിനായി വിരമിച്ച ഡോക്ടർമാരുടെ സേവനം കൂടുതലായി ഉപയോഗിക്കുമെന്നും മന്ത്രി പറഞ്ഞു. ജനുവരിയിൽ 40,000നു മേൽ ആളുകൾ ടെലിമെഡിസിൻ സേവനം പ്രയോജനപ്പെടുത്തി. അത്യാവശ്യ ഘട്ടത്തിൽ മാത്രം ആശുപത്രിയിലേക്ക് പോയാൽ മതിയെന്നും അല്ലാത്ത സാഹചര്യങ്ങളിൽ ഇസഞ്ജീവനി ടെലിമെഡിസിൻ സംവിധാനം ഉപയോഗിക്കണമെന്നും മന്ത്രി പറഞ്ഞു.

കോവിഡ് ബാധിതരായി ഒറ്റയ്ക്കു കഴിയുന്ന സ്ത്രീകൾ, ഗർഭിണികൾ, പ്രായം ചെന്നവർ, ആരോഗ്യപ്രശ്നങ്ങളുള്ളവർ തുടങ്ങിയവരുടെ ആരോഗ്യനില യഥാസമയം അറിയുന്നതിന് അംഗൻവാടി വർക്കേഴ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവിഡ് പോസിറ്റീവാകുന്ന എല്ലാവരുമായും അതതു പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന ആരോഗ്യ പ്രവർത്തകർ ബന്ധപ്പെടും.

ഏതെങ്കിലും കാരണവശാൽ ടെലഫോണിലോ മറ്റോ വിളിക്കാൻ കഴിയാതെ പോയാൽ ദിശയുടെ 104, 1056 എന്നീ നമ്പറുകളിലും ജില്ലകളിലെ കോവിഡ് കൺട്രോൾ റൂമുകളിലും ആവശ്യങ്ങൾക്കായി ബന്ധപ്പെടാം. കോവിഡ് രോഗികളെ ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് മെഡിക്കൽ കോളജുകളിൽ കൺട്രോൾ റൂമുകൾ ഇന്നു സജ്ജമാകുമെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. ആശ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# പ്രതിദിന കേസുകൾ വീണ്ടും അരലക്ഷം കടന്നു; ടിപിആർ 47.05

തിരുവനന്തപുരം: കേരളത്തിൽ 54,537 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. എറണാകുളം 10,571 ,തിരുവനന്തപുരം 6735, തൃശൂർ 6082, കോഴിക്കോട് 4935, കോട്ടയം 4182, കൊല്ലം 4138, പാലക്കാട് 3248, മലപ്പുറം 3003, ഇടുക്കി 2485, ആലപ്പുഴ 2323, കണ്ണൂർ 2314, പത്തനംതിട്ട 2021, വയനാട് 1379, കാസർഗോഡ് 1121 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,15,898 സാമ്പിളുകളാണ് പരിശോധിച്ചത്.സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,83,824 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,72,126 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 11,698 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1629 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 3,33,447 കോവിഡ് കേസുകളിൽ, 3.5 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 13 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 81 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്ര സർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 258 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 52,786 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 227 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 50,295 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 3485 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 530 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 30,225 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 6921, കൊല്ലം 581, പത്തനംതിട്ട 770, ആലപ്പുഴ 1907, കോട്ടയം 3290, ഇടുക്കി 853, എറണാകുളം 450, തൃശൂർ 4033, പാലക്കാട് 2258, മലപ്പുറം 2130, കോഴിക്കോട് 4135, വയനാട് 799, കണ്ണൂർ 2015, കാസർഗോഡ് 83 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 3,33,447 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 54,94,185 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പൊതുപരീക്ഷക്ക് വിദ്യാർഥിപക്ഷ സമീപനം സ്വീകരിക്കണം

കേരളം മഹാമാരിക്കാലത്ത് വിദ്യാർത്ഥികൾക്ക് പരമാവധി പഠനാനുഭവങ്ങൾ ഒരുക്കി മാതൃക സൃഷ്ടിക്കുകയുണ്ടായി. ബഹുഭൂരിപക്ഷം കുട്ടികൾക്കും പഠന വിടവ് സംഭവിക്കാതിരിക്കാൻ നിരവധി ഇടപെടലുകളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയത്. കേരളത്തിന്റെ ഇടപെടലുകൾ ഗൗരവത്തോടെയാണ് അക്കാദമിക സമൂഹം വീക്ഷിച്ചത്. യുണിസെഫും കേന്ദ്ര സർക്കാരും നീതി ആയോഗും കേരള അനുഭവങ്ങൾ ഡോക്യുമെന്റ് ചെയ്ത് വിനിമയം ചെയ്തിട്ടുണ്ട്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും ദേശീയ ബോർഡുകളും പൊതുപരീക്ഷകൾ നടത്താതിരുന്നപ്പോഴും കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന തരത്തിൽ ശക്തമായ സുരക്ഷാ സംവിധാനമൊരുക്കി ഒരു പരാതിക്കും ഇട നൽകാതെ പൊതുപരീക്ഷകൾ നടത്താൻ നമുക്ക് കഴിഞ്ഞു. മഹാമാരി മൂലം ഉണ്ടായിവന്ന ഒറ്റപ്പെടലിന്റേതായ സാഹചര്യത്തിലും ആത്മവിശ്വാസത്തോടെ പരീക്ഷയെ അഭിമുഖീകരിക്കാൻ കുട്ടികൾക്ക് കഴിഞ്ഞു. കഴിഞ്ഞ അക്കാദമിക വർഷം പരീക്ഷാ ചോദ്യങ്ങളുടെ രീതിയിൽ വരുത്തിയ മാറ്റം (കൂടുതൽ ഓപ്ഷനുകൾ അനുവദിച്ചത്) വിദ്യാർത്ഥി സമൂഹത്തിന് ഏറെ ആശ്വാസം പകർന്നു.

പ്രതിസന്ധികൾക്കിടയിലും ഈ അക്കാദമിക വർഷം സ്കൂൾ തുറന്നു പ്രവർത്തിക്കാനായത് വലിയൊരു നേട്ടമാണ്. ഈ നേട്ടത്തിനിടയിലും ഉണ്ടായ പരിമിതികൾ കാണാതിരിക്കാൻ കഴിയില്ല. അവയിൽ ചിലത് സൂചിപ്പിക്കുന്നു.

1. നവംബർ മാസത്തിലാണ് സ്കൂളുകൾ തുറന്നത്. തുറന്ന ഘട്ടത്തിലും പകുതി ദിവസം മാത്രമേ കുട്ടികൾ സ്കൂളിൽ എത്തിയിരുന്നുള്ളൂ (ക്ലാസുകളെ ബാച്ചുകളായി തിരിച്ചതിനാലാണ് ഇത്). ദിവസത്തിൽ പകുതി സമയം മാത്രമേ ക്ലാസ് ഉണ്ടായിരുന്നുള്ളൂ. അതിനർത്ഥം ആകെ പഠന സമയത്തിന്റെ വളരെ ചെറിയ ഒരു സമയം മാത്രമേ കുട്ടികൾക്ക് മുഖാമുഖ പഠനത്തിനുള്ള സൗകര്യം ലഭ്യമായിരുന്നുള്ളൂ എന്നാണ്. ഈ അവസ്ഥയിലും മതിയായ യാത്രാ സൗകര്യം ഇല്ലാത്തതിനാൽ എല്ലാ കുട്ടികൾക്കും സ്കൂളിൽ സ്ഥിരമായി വരാൻ കഴിഞ്ഞിരുന്നില്ല. ഈ വർഷം ആദ്യം പ്ലസ് ടു വിദ്യാർഥികൾക്ക് പ്ലസ് വൺ പരീക്ഷ എഴുതേണ്ടി വന്നു. അതിൽ ശ്രദ്ധിക്കേണ്ടി വന്നതിനാൽ പ്ലസ് ടു പഠനത്തിന് ലഭിക്കേണ്ട സമയം കുറഞ്ഞു. സമൂഹത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികളെയാണ് ഇതൊക്കെ ഏറെ ബാധിച്ചിട്ടുള്ളത്.

2. ഡിജിറ്റൽ ക്ലാസുകൾ ഒരുക്കി എന്നത് വസ്തുതയാണ്. എന്നാൽ റേഞ്ചില്ലാത്ത പ്രദേശങ്ങളിലെ കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകൾ പൂർണമായും ലഭ്യമായിട്ടില്ല.

3. മുൻ വർഷം വേണ്ടത്ര പഠനാനുഭവം 9,11 ക്ലാസുകളിൽ കിട്ടാത്തവരാണ് ഈ വർഷം യഥാക്രമം 10,12 ക്ലാസുകളിൽ ഉള്ളത്. അതിനാൽ കുട്ടികൾക്ക് മുന്നറിവുകളുടെ കാര്യത്തിൽ റഗുലർ ക്ലാസ് നടന്ന കാലത്തെപ്പോലെയുള്ള അവസ്ഥയല്ല ഇപ്പോഴുള്ളത് എന്ന വസ്തുത പരിഗണിക്കപ്പെടേണ്ടതുണ്ട്. ഇത് ഈ വർഷം പൊതു പരീക്ഷക്കിരിക്കുന്ന കുട്ടികളുടെ പഠനത്തെ വലിയ തോതിൽ സ്വാധീനിക്കും.

4. അപ്രതീക്ഷിതമായാണ് കോവിഡിന്റെ മൂന്നാം തരംഗം ഉണ്ടായത്. സാങ്കേതികമായി വിദ്യാലയം പ്രവർത്തിക്കുന്നുവെങ്കിലും ഒരു വിഭാഗം അധ്യാപകർക്കും കുട്ടികൾക്കും കോവിഡ് പിടിച്ചത് പഠനത്തെ താളം തെറ്റിച്ചിട്ടുണ്ട്. കൂടുതൽ നിയന്ത്രണങ്ങൾ വരികയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ കുട്ടികളിൽ പരീക്ഷാ സമ്മർദ്ദം ഉണ്ടാകാനിടയുണ്ട്.

5. ഇതെല്ലാം പരിഗണിച്ചാണ് പൊതുവിദ്യാഭ്യാസ വകുപ്പ് 60% പാഠഭാഗങ്ങൾ ഫോക്കസ് ഏരിയ ആയി നിശ്ചയിച്ച് പ്രസ്തുത ഭാഗങ്ങൾ വിശദ പഠനത്തിന് നിർദ്ദേശിച്ചതെന്നു കരുതുന്നു. ഫോക്കസ് ഏരിയ ആണെങ്കിൽ ഡിസംബർ മാസമാണ് കുട്ടികൾക്ക് ലഭ്യമായത്. അതിന് മുമ്പ് തന്നെ കുട്ടികൾ അവർക്ക് താൽപര്യമുള്ള പാഠഭാഗങ്ങളിലൂടെ കടന്നുപോയിട്ടുണ്ടാകാം.

6. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോകത്തിലെ വികസിത രാജ്യങ്ങളിലടക്കം എല്ലായിടത്തും കുട്ടികളുടെ പക്ഷത്തുനിന്നാണ് വിലയിരുത്തൽ നടത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം കേരളത്തിലും അതു പ്രകാരമാണ് പൊതുപരീക്ഷാ വിലയിരുത്തൽ നടത്തിയത്. അതിന്റെ ഭാഗമായി കുട്ടികൾക്ക് ഉയർന്ന ഗ്രേഡ് ലഭ്യമായിട്ടുണ്ട്. ജീവിതകാലം മുഴുവൻ കൊണ്ടുനടക്കേണ്ടതും പ്രയോജനപ്പെടുത്തേണ്ടതുമാണ് സർട്ടിഫിക്കറ്റുകൾ. കോവിഡ് കാലത്ത് പരീക്ഷ എഴുതേണ്ടി വന്നതുകൊണ്ടുണ്ടാവുന്ന പ്രശ്നങ്ങൾ കുട്ടികളുടെ ജീവിതകാലത്തെ മുഴുവൻ ദോഷകരമായി ബാധിക്കാൻ പാടില്ല. മാത്രവുമല്ല കുട്ടിക്ക് ലഭ്യമാകുന്ന ഗ്രേഡുകൾ മാത്രം വെച്ചുകൊണ്ടല്ല ഇന്ന് ഉപരി പഠനത്തിനുള്ള പ്രവേശനം. മിക്കവാറും ഇടങ്ങളിലും പ്രവേശന പരീക്ഷകളുണ്ട്. അതുകൊണ്ട് അടിസ്ഥാന യോഗ്യതകൾ പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡമായി മാത്രമേ പരിഗണിക്കപ്പെടുന്നുള്ളൂ. ആയതിനാൽ കുട്ടികൾക്ക് ഉയർന്ന ഗ്രേഡ് കിട്ടിയതിൽ ഉത്കണ്ഠപ്പെടേണ്ട കാര്യമൊന്നുമില്ല. ഈ പ്രതിസന്ധി ഘട്ടത്തിൽ കുട്ടികൾക്ക് നൽകുന്ന ഒരു കൈത്താങ്ങായി മാത്രമേ കുട്ടികളുടെ പക്ഷം ചേർന്ന് ചിന്തിക്കുന്നവർക്ക് കാണാൻ കഴിയൂ.

കുറച്ചേറെ കുട്ടികൾക്ക് എ പ്ലസ് കിട്ടുന്നു എന്നത് ഒരു പരിമിതിയായല്ല കാണേണ്ടത്. പുരോഗമനപരമായ നിലപാടായാണ് ഇതിനെ സമീപിക്കേണ്ടത്.

7. ഈ വർഷം പത്ത്, പന്ത്രണ്ട് ക്ലാസുകളുടെ പൊതുപരീക്ഷയുമായി ബന്ധപ്പെട്ട് ഇറക്കിയ നിർദ്ദേശങ്ങളിൽ ചോദ്യങ്ങളെ രണ്ടു വിഭാഗമായി തിരിച്ചിട്ടുണ്ട്. ഫോക്കസ് ഏരിയയിൽ നിന്നുള്ള ചോദ്യങ്ങളും ഫോക്കസ് ഏരിയക്ക് പുറമേ നിന്നുള്ള ചോദ്യങ്ങളും. ഇതിനർത്ഥം ഫോക്കസ് ഏരിയ ഉണ്ടെങ്കിലും കുട്ടികൾ എല്ലാ പാഠഭാഗങ്ങളും പഠിക്കേണ്ടതുണ്ട് എന്നാണ്. കുട്ടിക്ക് താല്പര്യമുള്ള പാഠങ്ങൾ അത് ഫോക്കസ് ഏരിയയിലെ ആയാലും മറ്റു ഭാഗത്തെ ആയാലും കുട്ടി കൂടുതൽ നന്നായി പഠിക്കും.

8. സാമൂഹികമായും സാമ്പത്തികമായും പരിമിതികൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ അവരുടേതല്ലാത്ത കാരണത്താൽ സ്കൂളിൽ എത്താൻ കഴിയാതിരിക്കുകയും ഡിജിറ്റൽ ക്ലാസുകൾ വേണ്ടത്ര കാണാതിരിക്കുകയും ചെയ്യുന്ന അവസ്ഥ സ്വാഭാവികമായും ഉണ്ടാകും. ഇത്തരം കുട്ടികളുടെ എണ്ണം വളരെ കൂടുതലായിരിക്കാനാണ് സാധ്യത. അങ്ങനെയുള്ള കുട്ടികളെ സംബന്ധിച്ചിടത്തോളം ചോദ്യങ്ങളെ രണ്ടു വിഭാഗമായി പരിഗണിക്കുന്നത് മാനസിക സമ്മർദവും പ്രയാസവും ഉണ്ടാക്കാം.

9. ഈ പശ്ചാത്തലത്തിൽ പത്ത്, പന്ത്രണ്ട് ക്ലാസിലെ പൊതുപരീക്ഷയുമായി ബന്ധപ്പെട്ട് ഈ വർഷം ഇറക്കിയ ഉത്തരവുകൾ പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന്റെ ഭാഗമായി ചുവടെ നൽകിയിട്ടുള്ള കാര്യങ്ങൾ അങ്ങയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ ചോദ്യങ്ങൾ ഇപ്പോൾ പുറത്തുവിട്ട ഉത്തരവ് പ്രകാരം ഫോക്കസ് ഏരിയയിൽ നിന്നും, അല്ലാത്തതിൽ നിന്നും ഉത്തരവിലെ അനുപാതക്രമത്തിലാകാം.

പൊതുപരീക്ഷാ ചോദ്യങ്ങളിൽ ഫോക്കസ് ഏരിയ, നോൺ ഫോക്കസ് ഏരിയ എന്നിങ്ങനെ വിഭജിക്കാത്ത സമീപനം സ്വീകരിക്കുക.

ചോദ്യപേപ്പറിലെ എ,ബി പാർട്ടുകൾ എന്ന വേർതിരിവ് ഒഴിവാക്കി ഒരു നിശ്ചിത മാർക്കിനുള്ള മൊത്തം ചോദ്യങ്ങളെ ഒരു യൂണിറ്റായി പരിഗണിച്ച് ഓപ്ഷൻ അനുവദിക്കുക.

അറിയാവുന്ന ചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതാൻ അനുവദിക്കുകയും കുട്ടി ഏറ്റവും നന്നായി എഴുതിയ ഉത്തരങ്ങൾ പരിഗണിച്ച് സ്കോർ നൽകുകയും ചെയ്യുക.

ഇതിനെല്ലാം സഹായകമാകും വിധം നിലവിലിറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും കോവിഡിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കുട്ടികൾക്ക് അമിതമായ മാനസിക സമ്മർദ്ദത്തിന് പരീക്ഷകൾ ഇടയാക്കാതെ നോക്കുകയും വേണം.

# സായാഹ്നശബ്ദം മാനേജിംഗ് എഡിറ്റർ എസ്. സുഗതൻ അന്തരിച്ചു



കൊല്ലം: സായാഹ്നശബ്ദം മാനേജിംഗ് എഡിറ്ററും പ്രമുഖ പരസ്യക്കമ്പനിയായ കൗമുദി ആഡ്സ് ഉടമയുമായ പള്ളിത്തോട്ടം കൗമുദി നഗർ പരമേശ്വറിൽ എസ്. സുഗതൻ (74) അന്തരിച്ചു. ഹൃദയസ്തംഭനത്തെ തുടർന്ന് കൊല്ലം നഗരത്തിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ പുലർച്ചെ മൂന്ന് മണിയോടെയായിരുന്നു അന്ത്യം. ഭൗതികദേഹം പള്ളിത്തോട്ടത്തെ വസതിയിൽ പൊതുദർശനത്തിന് വച്ചശേഷം വൈകിട്ട് 3ന് പോളയത്തോട് ശ്മശാനത്തിൽ സംസ്കരിച്ചു. ടി.എം.യശോധര ദേവിയാണ് ഭാര്യ. പരേതനായ സൈജു സുഗതൻ,കേരള കൗമുദി മാനേജിംഗ് എഡിറ്റർ ദിവ്യ സുഗതൻ എന്നിവർ മക്കളാണ്. കേരളകൗമുദി ചീഫ് എഡിറ്റർ ദീപു രവിയാണ് മരുമകൻ. എസ്. സുമംഗല, കേരളകൗമുദി ഡയറക്ടർ എസ്. ഷൈലജ രവി, എസ്. വിജയലക്ഷ്മി, പരേതരായ എസ്. വിമല, എസ്. മോഹൻ എന്നിവർ സഹോദരങ്ങൾ.

മാദ്ധ്യമ രംഗത്തിനു പുറമേ വാണിജ്യ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലും സജീവമായിരുന്നു എസ്. സുഗതൻ. കല്ലുപാലത്തിനു സമീപം പ്രവർത്തിച്ചിരുന്ന കൊല്ലത്തെ പ്രമുഖ സൈക്കിൾ വില്പനശാലയായിരുന്ന സോംസൺ കമ്പനി ഉടമ പരേതനായ സി.എൻ. സോമനാഥന്റെയും പരേതയായ സുശീലയുടെയും ആറു മക്കളിൽ രണ്ടാമനാണ്. കൊല്ലം എസ്.എൻ കോളേജിൽ ബിരുദ പഠനം പൂർത്തിയാക്കിയ ശേഷം സോംസൺ കമ്പനി നടത്തിപ്പിൽ പങ്കാളിയായി. പിന്നീട് സോംസൺ എന്ന പേരിൽ പരസ്യക്കമ്പനി ആരംഭിച്ചു. എന്നാൽ, മാദ്ധ്യമപ്രവർത്തകനായി മാറണമെന്നായിരുന്നു ആഗ്രഹം. 1991ൽ സായാഹ്നശബ്ദം എന്ന പത്രത്തിന് തുടക്കമിട്ടു.മലയാളികളുടെ വൈകുന്നേരങ്ങൾക്ക് വാർത്തയുടെ ചൂട് സമ്മാനിച്ച സായാഹ്നശബ്ദം അതിവേഗം വളർന്നു.

എസ്.എൻ ട്രസ്റ്റ് ഡയറക്ടർ ബോർഡ് അംഗം, ചേംബർ ഒഫ് കൊമേഴ്സ് ആദ്യകാല സംഘാടകൻ, റീട്ടെയിൽ മർച്ചന്റ് അസോസിയേഷൻ ആദ്യകാല സെക്രട്ടറി, കൗമുദി നഗർ രക്ഷാധികാരി, കൊല്ലം ഫൈൻ ആർട്സ് സൊസൈറ്റി സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം നഗരത്തിലെ സാംസ്കാരിക പരിപാടികളിൽ സ്ഥിരം സാന്നിദ്ധ്യമായിരുന്നു. ചെറുപ്പകാലത്ത് സിനിമാ മേഖലയുമായി അടുത്ത ബന്ധമുണ്ടായിരുന്ന സുഗതൻ, പ്രേംനസീറുമായി ഉറ്റസൗഹൃദം സൂക്ഷിച്ചിരുന്നു.

# കാൻസർ ചികിത്സാ സംവിധാനം 24 ആശുപത്രികളിൽ

രോഗപ്രതിരോധ ശേഷി കുറഞ്ഞ കാൻസർ രോഗികൾ കോവിഡ് കാലത്ത് ചികിത്സയ്ക്ക് വളരെ ദൂരം യാത്ര ചെയ്യാതിരിക്കാൻ തൊട്ടടുത്ത് 24 സർക്കാർ ആശുപത്രികൾ സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി മാവേലിക്കര, കോട്ടയം പാല ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി കോട്ടയം, ഇടുക്കി തൊടുപുഴ ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, മൂവാറ്റുപുഴ ജനറൽ ആശുപത്രി, തൃശൂർ ജനറൽ ആശുപത്രി, ഇരിങ്ങാലക്കുട താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊടുങ്ങല്ലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, ഒറ്റപ്പാലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കഞ്ചിക്കോട് ഇസിഡിസി, മലപ്പുറം തിരൂർ ജില്ലാ ആശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി, കോഴിക്കോട് ബീച്ച് ആശുപത്രി, വയനാട് നല്ലൂർനാട് ട്രൈബൽ ഹോസ്പിറ്റൽ, കണ്ണൂർ ജില്ലാ ആശുപത്രി, ജില്ലാ ആശുപത്രി തലശേരി, കാസർഗോഡ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലാണ് ഈ സൗകര്യമുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം ആർസിസി, മലബാർ കാൻസർ സെന്റർ എന്നിവയുമായി ചേർന്നുകൊണ്ട് കാൻസർ ചികിത്സ പൂർണമായും ഈ കേന്ദ്രങ്ങളിലൂടെ സാധ്യമാണ്. കീമോതെറാപ്പി, മറ്റ് ക്യാൻസർ അനുബന്ധ ചികിത്സകൾ എന്നിവയ്ക്കായി ഈ കേന്ദ്രങ്ങളിൽ പോകാതെ തുടർ ചികിത്സ സാധ്യമാക്കുന്ന തരത്തിലാണ് ഇവ സജ്ജമാക്കിയിരിക്കുന്നത്. ഇവർക്ക് ആർസിസിയിലും മെഡിക്കൽ കോളേജുകളിലും ലഭിച്ചു കൊണ്ടിരിക്കുന്ന അതേ ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

റീജിയണൽ കാൻസർ സെന്ററുകളിലെ ഡോക്ടർമാരുമായി നിരന്തരം സംവദിക്കുന്നതിന് ആശുപത്രികളിൽ വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. അതിലൂടെ രോഗികളുടെ വിവരങ്ങൾ, ചികിത്സ, ഫോളോ അപ് തുടങ്ങിയ കാര്യങ്ങൾ നിരന്തരം ചർച്ച ചെയ്ത് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നു.

# നോർക്ക പ്രവാസി പുനരധിവാസ പദ്ധതി ഇനി ധനലക്ഷ്മി ബാങ്കു വഴിയും

പ്രവാസി പുനരധിവാസത്തിനായി നോർക്ക റൂട്ട്സ് നടപ്പാക്കി വരുന്ന നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ

(എൻ.ഡി.പി.ആർ.ഇ.എം) പദ്ധതിയിൽ ധനലക്ഷ്മി ബാങ്കും അംഗമായി. പ്രവാസി സംരംഭങ്ങൾക്ക് 30 ലക്ഷം വരെയുള്ള വായ്പകൾ ഇനി ധനലക്ഷ്മി ബാങ്ക് വഴിയും ലഭിക്കും.

പദ്ധതിയിൽ പങ്കാളിയാവുന്ന പതിനേഴാമത്തെ ധനകാര്യസ്ഥാപനമാണിത്. കേരളാ ബാങ്കും കെ.എസ്.എഫ്.ഇയും അടക്കം 16 ധനകാര്യ സ്ഥാപനങ്ങളുടെ 6000ത്തോളം ശാഖകൾ വഴിയാണ് ഇതുവരെ പദ്ധതി സഹായം ലഭിച്ചിരുന്നത്. തൈക്കാട് നോർക്ക സെന്ററിൽ നടന്ന ചടങ്ങിൽ നോർക്ക സി.ഇ.ഒ കെ.ഹരികൃഷ്ണൻ നമ്പൂതിരിയും ധനലക്ഷ്മി ബാങ്ക് റീജണൽ ഹെഡ് അരുൺ സോമനാഥൻ നായരും ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പു വച്ചു. നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശേരി സംബന്ധിച്ചു.

2014ൽ കാനറാബാങ്കുമായി ചേർന്നാണ് പദ്ധതി ആരംഭിച്ചത്. 15 ശതമാനം മൂലധന സബ്സിഡിയും മൂന്നു ശതമാനം പലിശ സബ്സിഡിയും പ്രവാസികളുടെ പുതുസംരഭങ്ങൾക്ക് ഈ പദ്ധതിയിലൂടെ നോർക്ക റൂട്ട്സ് നൽകുന്നുണ്ട്. വിവിധ മേഖലകളിലെ സാധ്യതകൾ മനസ്സിലാക്കി പ്രോജക്ട് തയ്യാറുക്കന്നതിനുള്ള പിന്തുണയും സംരംഭകത്വ പരിശീലനവും ലഭിക്കും.

2014 മുതൽ ഇതുവരെ 5100 ൽ പരം പുതിയ സംരംഭങ്ങൾ പദ്ധതി വഴി ആരംഭിച്ചിട്ടുണ്ട്. 79.48 കോടി രൂപ വിതരണം ചെയ്തു. ഈ സാമ്പത്തിക വർഷം ഇതുവരെ 700 പുതുസംരംഭങ്ങൾക്കായി 13.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതിയുടെ വിശദംശങ്ങൾക്ക് ○○○.ീൃസമ്യീിേ.ീൃ ഴ എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 1800 425 3939 എന്ന ടോൾ ഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. 0091 880 20 12345 എന്ന നമ്പരിൽ വിദേശത്ത് നിന്നും മിസ്സ്ഡ് കോൾ സർവീസും ലഭ്യമാണ്.

# 15.6 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി

ജില്ലയിൽ കേന്ദ്ര ധനകാര്യ കമ്മീഷന്റെ 202223 വർഷത്തെ ഗ്രാൻഡ് ഉപയോഗിച്ചുകൊണ്ടുള്ള 15.66 കോടി രൂപയുടെ വിവിധ ബ്ലോക്ക്തല പദ്ധതികൾക്ക് അനുമതി ലഭിച്ചു.

ഇതിൽ 4.63 കോടി രൂപയുടെ 52 ജലസംരക്ഷണ കുടിവെള്ള പദ്ധതികളും 5.31 കോടി രൂപയുടെ 54 മാലിന്യ നിർമാർജനശുചിത്വ പദ്ധതികളും 5.71 കോടി രൂപയുടെ 71 ജനറൽ പ്രോജക്റ്റുകളും ഉൾപ്പെടുമെന്ന് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആർ. അജയകുമാർ അറിയിച്ചു.

# കാർഷിക പമ്പുകൾക്ക് സബ്സിഡി

വൈദ്യുതേതര കാർഷിക പമ്പുകളെ സോളാർ പമ്പുകൾ ആക്കി മാറ്റുന്നതിന് കർഷകർക്ക് അനർട്ട് 60 ശതമാനം വരെ സബ്സിഡി നൽകും. രജിസ്ട്രേഷൻ ജില്ലാ ഓഫീസുകൾ മുഖേന ജനുവരി 27 മുതൽ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് അനർട്ട് ജില്ലാ ഓഫീസ്, ടെമ്പററി കോടതിക്കു സമീപം, ആനന്ദവല്ലീശ്വരം നഗർ 19, തിരുമുല്ലവാരം പി . ഒ, കൊല്ലം. ഫോൺ 04742797078, 9188119402.

# 2022ലെ ബീറ്റിംഗ് ദി റിട്രീറ്റ് ചടങ്ങിൽ ഡ്രോണുകളുടെ പ്രദർശനം

ന്യൂ ഡൽഹി: ഇക്കൊല്ലത്തെ ബീറ്റിംഗ് ദി റിട്രീറ്റ് ആഘോഷത്തിന്റെ ഏറ്റവും വലിയ ആകർഷണങ്ങളിലൊന്ന് ഡ്രോണുകളുടെ പ്രത്യേക പ്രദർശനം ആയിരിക്കും. 2022 ജനുവരി 29 ന് ന്യൂ ഡൽഹിയുടെ ഹൃദയഭാഗത്ത്, ചരിത്രപ്രസിദ്ധമായ വിജയ് ചൗക്കിൽ നടക്കുന്ന പരിപാടിയിൽ ഇന്ത്യൻ സായുധ സേനകളുടെ സുപ്രീം കമാൻഡർ, രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ് പങ്കെടുക്കും. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി ശ്രീ രാജ്നാഥ് സിംഗ് തുടങ്ങിയ വിശിഷ്ട അതിഥികളും പ്രദർശനത്തിന് സാക്ഷ്യം വഹിക്കും.

ഭാരതീയ അഭിലാഷങ്ങൾ പേറുന്ന സംഗീത താളങ്ങൾ ഇക്കൊല്ലത്തെ ആഘോഷത്തിന് മികവേകും. കാണികൾക്കായി മൊത്തം 26 പ്രകടനങ്ങളാണ് ഉണ്ടായിരിക്കുക. ഇന്ത്യൻ കരസേന, വ്യോമസേന, നാവിക സേന, കേന്ദ്ര സായുധ പോലീസ് സേന എന്നിവയുടെ സംഗീത ബാൻഡുകൾ നേതൃത്വം നൽകുന്ന താളനിബദ്ധമായ സംഗീത പ്രകടനങ്ങൾ ഇതിലുൾപ്പെടും.

'ആസാദി കാ അമൃത മഹോത്സവ്' ആഘോഷങ്ങളുടെ ഭാഗമായി നിരവധി പുതിയ ട്യൂണുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. 'കേരള', 'ഹിന്ദ് കി സേന', 'യേ മേരെ വതൻ കേ ലോഗോ' എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ബോട്ലാബ് ഡൈനമിക്സ് എന്ന സ്റ്റാർട്ടപ്പ്, ഐഐടി ഡൽഹി, ശാസ്ത്ര സാങ്കേതിക വകുപ്പ് എന്നിവയുടെ പിന്തുണയോടു കൂടിയാണ് ഡ്രോൺ പ്രദർശനം സംഘടിപ്പിക്കുന്നത്. 10 മിനിറ്റ് ദൈർഘ്യമുള്ള പ്രദർശനത്തിൽ ആയിരത്തോളം ഡ്രോണുകൾ പങ്കെടുക്കും. ഡ്രോൺ പ്രകടനത്തിന് അകമ്പടിയായി പ്രത്യേക സമന്വയിപ്പിച്ച പശ്ചാത്തലസംഗീതവും ഒരുക്കുന്നതാണ്.

'ആസാദി കാ അമൃത മഹോത്സവ്' ആഘോഷത്തിന്റെ ഭാഗമായി നടത്തുന്ന ഒരു പ്രൊജക്ഷൻ മാപ്പിംഗ് പ്രദർശനവും ഇക്കൊല്ലത്തെ മറ്റൊരു ആകർഷണീയതയാണ്. ചടങ്ങ് അവസാനിക്കുന്നതിന് മുൻപായി നോർത്ത്സൗത്ത് ബ്ലോക്ക് ഭിത്തികളിൽ മൂന്ന് മുതൽ നാല് മിനിറ്റ് നേരത്തേക്ക് ആണ് പ്രദർശനം നടക്കുക.

കോവിഡ്19 പരിഗണിച്ച്, ബീറ്റിങ് ദി റിട്രീറ്റ് ആഘോഷത്തിനായി പ്രത്യേക പരിസ്ഥിതി സൗഹൃദ ക്ഷണപത്രങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഔഷധ ഗുണമുള്ള സസ്യങ്ങൾ ആയ അശ്വഗന്ധ, കറ്റാർവാഴ, നെല്ലിക്ക എന്നിവയുടെ വിത്തുകൾ അടങ്ങിയ വിധത്തിലാണ് ഇവ സജ്ജമാക്കിയിട്ടുള്ളത്.

### റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്തു

ഹോമിയോപ്പതി വകുപ്പിലെ നഴ്സ് ഗ്രേഡ് രണ്ട് (ഹോമിയോ) (മൂന്നാമത് എൻസിഎഎസ്.സി) തസ്തികയുടെ (കാറ്റഗറി നമ്പർ 17/2018) റാങ്ക് ലിസ്റ്റ് കാലാവധി പൂർത്തിയായതിനെ തുടർന്ന് റദ്ദ് ചെയ്തതായി പി.എസ്. സി. ജില്ലാ ഓഫീസർ അറിയിച്ചു.

# സമൂഹ വിവാഹത്തിന് പ്രമുഖരുടെ അനുഗ്രഹവും

സർക്കാരിന്റെ സംരക്ഷണ തണൽ വിവാഹ ജീവിതം വരെയെത്തിയ നിറവിലാണ് ഇഞ്ചവിള ആഫ്റ്റർ കെയർ ഹോമിലെ മൂന്ന് പെൺകുട്ടികൾ. അമ്മുവും ആതിരയും ഗോപികയും പുതിയൊരു ജീവിതത്തിലേക്ക് കടക്കുന്നത് മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി, എം. നൗഷാദ് എം. എൽ. എ, ജില്ലാ കലക്ടർ അഫ്സാന പർവീൺ, സിറ്റി പൊലിസ് കമ്മിണർ ടി. നാരായണൻ എന്നിവരുടെ അനുഗ്രഹാശിസ്സുകളോടെ.

കുട്ടികളായിരിക്കെ സംരക്ഷണകേന്ദ്രത്തിലായ മൂവരും 18 വയസ്സ് പൂർത്തിയായതിനെ തുടർന്നാണ് ആഫ്റ്റർ കെയർ ഹോമിലേക്ക് എത്തിയത്. പ്ലസ് ടു വിദ്യാഭ്യാസത്തിനുശേഷം എല്ലാവരും വിവിധ ജോലികളിലുമാണ്.

അമ്മുവിനെ കല്ലുവാതുക്കൽ പാമ്പുറം കൃഷ്ണാലയത്തിൽ അജി കൃഷ്ണയും ആതിരയെ ചവറ കല്ലുംപുറത്ത് ജസ്റ്റിനും ഗോപികയെ കുറുമണ്ണ് കുളത്തൂർ തെക്കേതിൽ ചിത്തരേഷുമാണ് വിവാഹം കഴിച്ചത്. ഓരോ കുടുംബത്തിനുമായി ഒരു ലക്ഷം രൂപ വീതം വനിതാ ശിശുവികസന വകുപ്പ് സ്ഥിരനിക്ഷേപമായി നൽകിയിട്ടുണ്ട്. വ്യക്തികളും സന്നദ്ധ പ്രവർത്തകരും സ്ഥാപനങ്ങളും ഉപഹാരങ്ങൾ സമ്മാനിച്ചു.

അഞ്ചാലുംമൂട് ലേക്ക് പാലസ് കൺവൻഷൻ സെന്ററിൽ വധൂവര ന്മാരുടെ മതാചാരപ്രകാരം ലളിതമായ ചടങ്ങുകളോടെ കോവിഡ് മാനദണ്ഡം പാലിച്ചായിരുന്നു വിവാഹം. വനിതാ ശിശുവികസന ഓഫീസർ പി. ബിജി, ജില്ലാ ശിശുസംരക്ഷണ ഓഫീസർ ജി. പ്രസന്നകുമാരി, ഐ. സി. ഡി. എസ്. ജില്ലാ പ്രോജക്ട് ഓഫീസർ ടിജു റെയ്ച്ചൽ തോമസ്, ആഫ്റ്റർ കെയർ ഹോം സൂപ്രണ്ട് ടി.ജെ. മേരിക്കുട്ടി, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കോവിഡ് നേരിടാൻ ഹോമിയോപ്പതി വകുപ്പും

കോവിഡ് വ്യാപന സാഹചര്യത്തെ നേരിടാൻ ജില്ലാ ഹോമിയോപ്പതി വകുപ്പും സുസജ്ജം. എല്ലാ കേന്ദ്രങ്ങളിലും പ്രതിരോധ പ്രവർത്തനം ശക്തിപ്പെടുത്തി. ഹോമിയോ ഇമ്മ്യൂണിറ്റി ബൂസ്റ്റർ മരുന്ന് വിതരണം തുടങ്ങി. സർക്കാർ ഓഫീസുകളിലും ഇവ നൽകും. വ്യാപനം കുറയുന്നത് വരെ 21 ദിവസം കൂടുമ്പോൾ മരുന്ന് ആവർത്തിക്കണം. ജില്ലാ ഹോമിയോ ആശുപത്രിയിൽ ഫീവർ സ്ക്രീനിംഗ് യൂണിറ്റും ആരംഭിച്ചു. സേവനത്തിന് ഇസഞ്ജീവനി ടെലി മെഡിസിൻ സംവിധാനവും പ്രയോജനപ്പെടുത്താമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സി. എസ്. പ്രദീപ് അറിയിച്ചു.

### വോക്ക്ഇൻഇന്റർവ്യൂ

ആയൂർ സർക്കാർ ആയുർവ്വേദ ആശുപത്രിയിലേക്ക് തെറാപ്പിസ്റ്റ് (പുരുഷൻ) തസ്തികയിലേയ്ക്കുള്ള വോക്ക് ഇൻ ഇന്റർവ്യൂ ഫെബ്രുവരി 11 രാവിലെ 11ന് ആശ്രാമം ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കും. പ്രായം 18നും 38നും മദ്ധ്യേ. യോഗ്യത ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച കേരള ഗവൺമെന്റ് അംഗീകൃത തെറാപ്പിസ്റ്റ് കോഴ്സ് പാസായിരിക്കണം. ഫോൺ 04742763044.

# ജൂനിയർ റസിഡന്റ് തസ്തികയിൽ താത്ക്കാലിക നിയമനം

കൊല്ലം സർക്കാർ മെഡിക്കൽ കോളജിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ താത്ക്കാലിക നിയമനം നടത്തുന്നു. 12 ഒഴിവുകളുണ്ട്. യോഗ്യത എം.ബി.ബി.എസ്, റ്റി.സി.എം.സി രജിസ്ട്രേഷൻ. പ്രായപരിധി40 വയസ്സ്. നിയമന കാലാവധി മാർച്ച് 31 വരെ. കോവിഡ് ബ്രിഗേഡ് ആയിരുന്നവർക്ക് മുൻഗണന.

അഭിമുഖം കോവിഡ് മാനദണ്ഡ പ്രകാരം ജനുവരി 31ന് ഉച്ചയ്ക്ക് രണ്ടു മണിക്ക്. വിദ്യാഭ്യാസ യോഗ്യത, വയസ്സ്, പ്രവൃത്തി പരിചയം, എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ, ഫോട്ടോയുള്ള സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡ് എന്നിവയുടെ അസ്സൽ, ഒരു സെറ്റ് ഫോട്ടോ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതമാണ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ഹാജരാകേണ്ടത്.

# മാലാഖ കൂട്ടം പദ്ധതിയിലേക്ക് നഴ്സ്

ജില്ലാ പഞ്ചായത്തിന്റെ മാലാഖകൂട്ടം പദ്ധതിയിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ജനറൽ നേഴ്സിങ്/ ബി.എസ്.സി നഴ്സിംഗ് പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ബി.പി.എൽ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള ജനറൽ വിഭാഗക്കാർക്ക് അപേക്ഷിക്കാം.

യോഗ്യത നഴ്സിങ് കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് ബി.എസ്.സി നഴ്സിംഗ്/ജനറൽ നഴ്സിംഗ്. വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് ഉൾപ്പെടുന്ന അപേക്ഷ ഫെബ്രുവരി 5 ന് വൈകിട്ട് 5 മണിക്ക് മുൻപായി ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭിക്കണം. ഫോൺ 04742795017.



മുതിർന്ന മാധ്യമപ്രവർത്തകനും സീനിയർ സ്പെഷൽ കറസ്പോണ്ടന്റുമായ ഇ.സോമനാഥിന് റവന്യൂ മന്ത്രി കെ. രാജൻ അന്തിമോപചാരമർപ്പിക്കുന്നു

# ചിൽഡ്രൻസ് ഹോമിൽ നിന്നും കാണാതായ എല്ലാ പെൺകുട്ടികളെയും കണ്ടെത്തി

മലപ്പുറം: കോഴിക്കോട് വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിൽ നിന്നും കാണാതായ ആറ് പെൺകുട്ടികളെയും പോലീസ് കണ്ടെത്തി. പിടിയിലാകാനുണ്ടായിരുന്ന നാല് പേരെ രാവിലെ മലപ്പുറം എടക്കരയിലെ ബസ് സ്റ്റാൻഡിൽ നിന്നുമാണ് പിടിച്ചത്. ഇവർ നിലവിൽ എടക്കര പോലീസ് സ്റ്റേഷനിലാണ്. വൈകിട്ടോടെ കോഴിക്കോട്ട് എത്തിക്കും. രണ്ടുപേരെ നേരത്തെ ബംഗളൂരുവിൽ നിന്നും കണ്ടെത്തിയിരുന്നു.

സംഘത്തിലെ രണ്ടുപേർ പിടിയിലായതോടെ ശേഷിച്ച നാല് പേർ വ്യാഴാഴ്ച വൈകിട്ട് ബംഗളൂരുവിൽ നിന്നും ഐലൻഡ് എക്സ്പ്രസിൽ ഒലവക്കോട് റെയിൽവേ സ്റ്റേഷനിൽ എത്തുകയായിരുന്നു. പിന്നീട് നാലംഗ സംഘത്തിലെ ഒരാളുടെ എടക്കരയിലുള്ള കാമുകനെ ഫോണിൽ വിളിച്ചു.

തുടർന്ന് ഇവർ ബസിൽ എടക്കരയിൽ എത്തി. എന്നാൽ കാമുകൻ ചിക്കൻ പോക്സ് പിടിപെട്ട് ചികിത്സയിലായതിനാൽ കാണാൻ കഴിഞ്ഞില്ല. ബസ് സ്റ്റാൻഡിൽ സംശയകരമായ സാഹചര്യത്തിൽ കണ്ട കുട്ടികളെ പോലീസ് കസ്റ്റഡിയിലെടുത്തതോടെയാണ് കാര്യങ്ങൾ വ്യക്തമായത്.

അതിനിടെ പെൺകുട്ടികളുടെ തിരോധാനവുമായി ബന്ധപ്പെട്ട് രണ്ടു യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂർ, കൊല്ലം സ്വദേശികളായ ഇവരെ പോലീസ് ചോദ്യം ചെയ്യുകയാണ്. യാത്രയ്ക്കിടയിൽ പെൺകുട്ടികളെ പരിചയപ്പെട്ടു എന്നാണ് ഇരുവരും നൽകുന്ന മൊഴി.

ചിൽഡ്രൻസ് ഹോമിൽ നിന്നും പുറത്തുകടക്കാൻ പെൺകുട്ടികൾക്ക് ബാഹ്യസഹായം ലഭിച്ചുവെന്നാണ് പോലീസ് കരുതുന്നത്. അതിനാൽ സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുമെന്ന് സിറ്റി പോലീസ് കമ്മീഷണർ എ.വി.ജോർജ് വ്യക്തമാക്കി.

# രണ്ട് ദിവസങ്ങളിലായി റേഷൻ കൈപ്പറ്റിയത് 14.5 ലക്ഷം കാർഡുടമകൾ: മന്ത്രി ജി. ആർ. അനിൽ

സംസ്ഥാനത്ത് വ്യാഴം, വെള്ളി ദിവസങ്ങളിലായി 14.5 ലക്ഷം കാർഡുടമകൾ റേഷൻ വിഹിതം കൈപ്പറ്റിയതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ അറിയിച്ചു. സാങ്കേതിക തകരാറുമായി ബന്ധപ്പെട്ട് ജനുവരി 13 മുതൽ സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ ഏർപ്പെടുത്തിയിരുന്ന സമയക്രമീകരണം വ്യാഴാഴ്ച പിൻവലിച്ചിരുന്നു. നിലവിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും രാവിലെ 8.30 മുതൽ 12.30 വരെയും വൈകുന്നേരം 3.30 മുതൽ 6.30 വരെയും പ്രവർത്തിക്കുന്നു. സാങ്കേതികമായതോ നെറ്റ്‌വർക്ക് സംബന്ധമായതോ ആയ പരാതികൾ ഒന്നും വെള്ളിയാഴ്ച റിപ്പോർട്ട് ചെയ്തില്ല.

വെള്ളിയാഴ്ച സംസ്ഥാനത്ത് 7,15,685 കാർഡുടമകൾ റേഷൻ വിഹിതം കൈപ്പറ്റി. ഈ മാസം 28 വരെ 69.62 ശതമാനം കാർഡുടമകൾ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. 2021 ഡിസംബറിൽ 28 വരെ 65.37 ശതമാനം മാത്രമായിരുന്നു റേഷൻ കൈപ്പറ്റിയിരുന്നത്.

# ലോകായുക്ത ഓർഡിനൻസ് രാഷ്ട്രപതിക്ക് അയയ്ക്കണമെന്ന് പ്രതിപക്ഷം



തിരുവനന്തപുരം: ലോകായുക്തയുടെ അധികാരം ഇല്ലാതാക്കുന്ന ഓർഡിനൻസിൽ ഒപ്പുവയ്ക്കരുതെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാക്കൾ ഗവർണറെ കണ്ടു. പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻറെ നേതൃത്വത്തിലായിരുന്നു നേതാക്കൾ രാജ്ഭവനിൽ എത്തിയത്.

നിയമസഭ പാസാക്കിയ നിയമം ഭരണഘടനാ വിരുദ്ധമാണോ എന്ന് പരിശോധിക്കേണ്ടത് സർക്കാരല്ലെന്നും കോടതിയാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. ലോകായുക്തയ്ക്ക് കൂച്ചുവിലങ്ങിടാൻ ലക്ഷ്യമിട്ട് സർക്കാർ കൊണ്ടുവന്ന ഭേദഗതി ചട്ടവിരുദ്ധവും വിവിധ കോടതി വിധികളുടെ ലംഘനവുമാണ്. അതിനാൽ ഓർഡിനൻസിൽ ഒപ്പുവയ്ക്കരുതെന്നും രാഷ്ട്രപതിക്ക് അയയ്ക്കണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു.

25 വർഷം മുൻപ് ഇടതുപക്ഷ സർക്കാർ തന്നെ കൊണ്ടുവന്ന നിയമമാണ് ഭരണഘടനാ വിരുദ്ധമാണെന്ന് ഇപ്പോൾ അവർ തന്നെ പറയുന്നത്. ലോകായുക്താ നിയമത്തിലെ 14 ാം വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന് ഒരു കോടതിയും പറഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ മന്ത്രി പി.രാജീവിൻറെ വാദങ്ങളെല്ലാം തെറ്റാണ്.

കഴിഞ്ഞ സർക്കാരിൻറെ അവസാന കാലത്ത് മന്ത്രി കെ.ടി.ജലീലിനെതിരേ ലോകായുക്താ ഉത്തരവുണ്ടായപ്പോൾ ഭരണഘടനാ വിരുദ്ധമാണെന്ന അഭിപ്രായം സർക്കാരിനുണ്ടായിരുന്നില്ല. നിലവിൽ മുഖ്യമന്ത്രിക്കും മന്ത്രി ആർ.ബിന്ദുവിനും എതിരായ പരാതി ലോകായുക്ത പരിഗണിക്കാനിരിക്കേയാണ് കൂച്ചുവിലങ്ങിടാൻ സർക്കാർ നീക്കം നടത്തുന്നത്.

സിപിഎം കേന്ദ്ര നേതൃത്വത്തിൻറെ അഭിപ്രായത്തിന് വിരുദ്ധമാണ് ഓർഡിനൻസ്. ഇ.കെ.നായനാരെയും ഇ.ചന്ദ്രശേഖരൻ നായരെയും അപമാനിക്കുന്ന ഓർഡിനൻസാണ് മന്ത്രിസഭായോഗം അംഗീകരിച്ചതെന്നും സതീശൻ പരിഹസിച്ചു.

രമേശ് ചെന്നിത്തല, ഉമ്മൻ ചാണ്ടി, സി.പി.ജോൺ, മോൻസ് ജോസഫ്, എ.എ.അസീസ് തുടങ്ങിയ നേതാക്കളും പ്രതിപക്ഷ നേതാവിനൊപ്പം ഗവർണറെ കാണാൻ എത്തിയിരുന്നു.

ലോകായുക്ത ഓർഡിനൻസിൽ സർക്കാരിനെതിരേ രൂക്ഷ വിമർശനം തുടർന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ഓർഡിനൻസിൽ ആദ്യം സിപിഐ സംസ്ഥാന സെക്രട്ടറി കാനം രജേന്ദ്രന് മറുപടി നൽകൂ എന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു.

ഓർഡിനൻസിനെക്കുറിച്ച് കോടിയേരി ബാലകൃഷ്ണൻ നടത്തിയ വ്യാഖ്യാനത്തിൽ ഒരു കാര്യവുമില്ല. അടുത്ത മാസം നിയമസഭ ചേരാനിരിക്കേ തിടുക്കപ്പെട്ട് ഓർഡിനൻസ് കൊണ്ടുവന്നത് ഫെബ്രുവരി ആദ്യം ലോകായുക്ത മുഖ്യമന്ത്രിക്കെതിരായ കേസ് പരിഗണിക്കുന്നത് കൊണ്ട് മാത്രമാണ്. എൽഡിഎഫ് നയത്തിന് വിരുദ്ധമായ ഓർഡിനൻസ് കൊണ്ടുവന്നത് സിപിഎമ്മിലോ എൽഡിഎഫിലോ ആലോചിക്കാതെയാണെന്നും വ്യക്തമായിട്ടുണ്ട്.

കെ.ടി.ജലീലിനെതിരായ വിധി വന്നപ്പോൾ തന്നെ ഓർഡിനൻസിന് കാരണമായ നിയമോപദേശം ലഭിച്ചുവെന്നാണ് മന്ത്രി പി.രാജീവ് പറഞ്ഞത്. അങ്ങനെയെങ്കിൽ നിയമ നിർമാണത്തിന് മാത്രമായി ചേർന്ന കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് ഇത് എന്തുകൊണ്ട് കൊണ്ടുവന്നില്ലെന്നും അദ്ദേഹം ചോദിച്ചു.

രാഷ്ട്രപതി അംഗീകരിച്ചാണ് ലോകായുക്ത നിയമം പാസാക്കിയത്. അതിനാൽ ഭേദഗതി കൊണ്ടുവരുമ്പോൾ രാഷ്ട്രപതിയുടെ അനുമതി വാങ്ങണം. അതാണ് ഓർഡിനൻസിൽ ഒപ്പിടാതെ രാഷ്ട്രപതിക്ക് അയയ്ക്കണമെന്ന് ഗവർണറോട് ആവശ്യപ്പെട്ടത്.

കെ റെയിൽ വിഷയത്തിൽ വ്യത്യസ്ത നിലപാട് പറഞ്ഞ സാംസ്കാരിക പ്രവർത്തകരെ സൈബർ ഇടങ്ങളിൽ സിപിഎം അനുകൂലികൾ ആക്രമിക്കുകയാണ്. ഗൗരി ലങ്കേഷിനെ വകവരുത്തിയ സംഘപരിവാറും കേരളത്തിലെ സിപിഎമ്മും തമ്മിൽ എന്ത് വ്യത്യാസമാണുള്ളതെന്നും അദ്ദേഹം ചോദിച്ചു.

അട്ടപ്പാടിയിലെ മധുവിനെ കൊലപ്പെടുത്തിയ കേസ് സർക്കാർ അട്ടിമറിക്കുകയാണ്. കേസ് സിബിഐക്ക് വിടണമെന്ന കുടുംബത്തിൻറെ ആവശ്യം ന്യായമാണ്. കേസിൽ പ്രോസിക്യൂഷന് നിരവധി വീഴ്ചകൾ സംഭവിച്ചുവെന്നും പ്രതികൾ രക്ഷപെടുന്ന സാഹചര്യമാണെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

# ഫോൺ കൈമാറാൻ തടസം സ്വകാര്യത നഷ്ടമാകുമെന്ന് ദിലീപ്

കൊച്ചി: ദിലീപ് പ്രതിയായ വധശ്രമ ഗൂഢാലോചന ക്കേസിലെ മുൻകൂർ ജാമ്യ ഹർജി ഹൈക്കോടതി പരിഗണിക്കുന്നു. ഫോൺ അന്വേഷണ സംഘത്തിനു കൈമാറുന്നതിന് ആശങ്ക എന്തിനാണെന്നു ഹൈക്കോടതി ദിലീപിനോടു ചോദിച്ചു. അന്വേഷണ സംഘം ആവശ്യപ്പെടുന്ന രേഖകൾ കൈമാറേണ്ടതുണ്ടെന്നും കോടതി ഓർമിപ്പിച്ചു.

എന്നാൽ, ഇതുവരെ അന്വേഷണ സംഘം ആവശ്യപ്പെട്ട രേഖകളെല്ലാം കൈമാറിയിട്ടുണ്ടെന്നു ദിലീപിൻറെ അഭിഭാഷകൻ കോടതിയിൽ അറിയിച്ചു. പോലീസ് ആവശ്യപ്പെടുന്നതു കൃത്യം നടന്ന സമയത്തെ ഫോൺ അല്ല. മാത്രമല്ല ആ പഴയ ഫോണല്ല ഇപ്പോൾ താൻ ഉപയോഗിച്ചു വരുന്നത്. മുൻ ഭാര്യയുമായുള്ള സംഭാഷണം ഹാജരാക്കാൻ ആവശ്യപ്പെടുന്ന ഫോണിൽ ഉണ്ടെന്നും അതു പുറത്തുപോകുന്നതു തൻറെ സ്വകാര്യതയെ ബാധിക്കുമെന്നും ദിലീപ് കോടതിയിൽ പറഞ്ഞു.

എന്നാൽ, തെളിവുകൾ ഹാജരാക്കാനുള്ള ബാധ്യതയുണ്ടെന്നതു മറക്കരുതെന്നു കോടതി. ഫോൺ കോടതിയിൽ ഹാജരാക്കുന്നതിൽ എന്താണ് പ്രശ്നം കോടതിയെ വിശ്വാസമില്ലേ ഫോൺ ആരെക്കൊണ്ടാണ് പരിശോധിപ്പിക്കേണ്ടതെന്നു തീരുമാനിക്കേണ്ടതു ദിലീപ് അല്ല. അന്വേഷണ സംഘത്തെയും പ്രോസിക്യൂഷനെയും വിശ്വാസമില്ലെങ്കിൽ ഫോൺ കോടതിയിൽ ഹാജരാക്കാമല്ലോയെന്നും കോടതി ചോദിച്ചു.

അതേസമയം, കോടതി നിർദേശിച്ചതുപോലെ മൂന്നു ദിവസം ചോദ്യം ചെയ്യലിനു കൃത്യമായി ഹാജരായെന്നും അന്വേഷണവുമായി സഹകരിക്കുന്നുണ്ടെന്നും ദിലീപ് കോടതിയെ അറിയിച്ചു. തനിക്ക് ഒളിക്കാൻ ഒന്നുമില്ലെന്നും ദിലീപ് പറഞ്ഞു.

പ്രോസിക്യൂഷൻ കടുത്ത നിലപാടാണ് ഇന്നു കോടതിയിൽ സ്വീകരിച്ചത്. ദിലീപ് ഫോൺ നശിപ്പിക്കുമെന്ന് എന്താണ് ഉറപ്പ് ഡിജിറ്റൽ തെളിവുകൾ ഇതുവഴി നഷ്ടപ്പെടുമെന്നും പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടി. ഇന്നത്തെ വാദം പൂർത്തിയായി കേസ് കോടതി നാളേക്കു മാറ്റി. നാളെ വാദം തുടരും. ദിലീപ് ഫോൺ കൈമാറേണ്ടി വരുമെന്ന സാഹചര്യത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നതെന്നാണ് സൂചന.

ഇതിനിടെ, ദിലീപിനെതിരേ ആരോപണം ഉന്നയിച്ച സംവിധായകൻ ബാലചന്ദ്രകുമാറിൻറെ മൊഴി ക്രൈം ബ്രാഞ്ച് രേഖപ്പെടുത്തി.

# സംയോജന പരിപാടികൾക്ക് ധനസഹായമായി 9.04 കോടി രൂപ അനുവദിച്ചു

തിരുവനന്തപുരം: കോഴിക്കോട്, പാലക്കാട്, തൃശൂർ, ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ നിന്നുള്ള ആകെ 79.15 കോടി രൂപയുടെ 7 ബൃഹദ്സംയോജന പദ്ധതികൾക്ക് അംഗീകാരം നൽകുകയും പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാറിന്റെ പ്രോത്സാഹന ധനസഹായമായി 9.04 കോടി രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രാദേശിക സർക്കാരുകൾക്ക് ധനസഹായം അനുവദിക്കാൻ ചേർന്ന ഉന്നതാധികാര സമിതി യോഗത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി.

വരും വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും സംയോജന പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുവാൻ ജില്ലാ ആസൂത്രണ സമിതികൾ നേതൃത്വം നൽകണം. സംയോജിത പദ്ധതികളുടെ രൂപീകരണത്തിൽ ജില്ലാ ആസൂത്രണ സമിതികളുടെ പങ്ക് അനിവാര്യമാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. നൂതന ആശയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്ര പ്രോജക്ടുകൾ ഏറ്റെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ മന്ത്രി അഭിനന്ദിച്ചു. ഒരു പ്രദേശത്തെ മൊത്തം സാമ്പത്തിക വികസനം സാധ്യമാക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ രൂപീകരിക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണെന്ന് മന്ത്രി നിർദേശിച്ചു.

ഉന്നതാധികാര സമിതി യോഗത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ.ജിജു പി അലക്സ്, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡി.ബാലമുരളി, സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് ജെ. ജോസഫൈൻ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, കോഴിക്കോട്, തൃശൂർ, പാലക്കാട്, ആലപ്പുഴ, കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

അംഗീകാരം ലഭിച്ച പദ്ധതികളും അനുവദിച്ച പ്രോത്സാഹന ധനസഹായവും

1) ക്രാഡിൽ, കോഴിക്കോട് ജില്ല, അടങ്കൽ തുക622.38 ലക്ഷം രൂപ, പ്രോത്സാഹന ധനസഹായം 124.48 ലക്ഷം രൂപ. 2) ഇനാബ്ലിംഗ് കോഴിക്കോട്, കോഴിക്കോട് ജില്ല, അടങ്കൽ തുക 553.38 ലക്ഷം രൂപ, പ്രോത്സാഹന ധനസഹായം 110.68 ലക്ഷം രൂപ. 3) സ്നേഹസ്പർശം, പാലക്കാട് ജില്ല, അടങ്കൽ തുക 302.00 ലക്ഷം രൂപ, പ്രോത്സാഹന ധനസഹായം 60.40 ലക്ഷം രൂപ. 4) ജലസമൃദ്ധി വെണ്ണൂർതുറ നവീകരണം, തൃശൂർ ജില്ല, അടങ്കൽ തുക 2500.00 ലക്ഷം രൂപ, പ്രോത്സാഹന ധനസഹായം 200.00 ലക്ഷം രൂപ. 5) ഷീ വർക്ക് സ്പേസ്, തൃശൂർ ജില്ല, അടങ്കൽ തുക 2895.00 ലക്ഷം രൂപ, പ്രോത്സാഹന ധനസഹായം 200.00 ലക്ഷം രൂപ. 6) താമരച്ചാൽ ജലാശയ നവീകരണം, ആലപ്പുഴ ജില്ല, അടങ്കൽ തുക 720.00 ലക്ഷം രൂപ, പ്രോത്സാഹന ധനസഹായം 144.00 ലക്ഷം രൂപ. 7) ആനമതിൽ, കാസർഗോഡ് ജില്ല, അടങ്കൽ തുക 321.80 ലക്ഷം രൂപ, പ്രോത്സാഹന ധനസഹായം 64.36 ലക്ഷം രൂപ.

# കെറെയിൽ: കണ്ണൂരിൽ 4,000 വീടുകൾ ഒഴിപ്പിക്കും



പയ്യന്നൂർ: കെറെയിൽ പദ്ധതിയുമായി ബന്ധപ്പെട്ടു കണ്ണൂർ ജില്ലയിലെ സാമൂഹികാഘാത പഠനം 15 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നു പദ്ധതിക്കു വേണ്ടി സർവേ നടത്തുന്ന കേരള വളണ്ടറി ഹെൽത്ത് സർവീസ് പ്രൊജക്ട് കോഓർഡിനേർ ഷാജു ഇട്ടി.

ജില്ലയിൽ കണക്കാക്കിയ ഒഴിപ്പിക്കപ്പെടേണ്ട വീടുകളുടെ എണ്ണം അയ്യായിരത്തിൻനിന്നു നാലായിരത്തോളമായി കുറയുമെന്നും ഇരുപതു ശതമാനത്തോളം വീട്ടുകാരുടെ വിവര ശേഖരണം പൂർത്തിയായതായും അദ്ദേഹം പറഞ്ഞു.

എഴോം പഞ്ചായത്തിലെ സർവേ പൂർത്തീകരിച്ചതായും കുഞ്ഞിമംഗലം, പാപ്പിനിശേരി, കണ്ണപുരം എന്നിവിടങ്ങളിലെ വിവര ശേഖരണം നടന്നുവരുന്നതായും മാടായിയിലും വളപട്ടണത്തും ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കാസർഗോഡ് ജില്ലയിൽ അടുത്തയാഴ്ച സർവേ ആരംഭിക്കും. ‘ നമ്മൾക്ക് പരിചയമില്ലാത്ത വലിയ പദ്ധതിയായതിനാൽ ഇതിൻറെ പ്രത്യാഘാതത്തിൻറെ വ്യാപ്തി എത്രത്തോളമുണ്ടെന്നറിയാൻ എല്ലാവർക്കും താത്പര്യമുണ്ടാവും. ഒരു വീട് പൂർണമായും നഷ്ടപ്പെടുന്ന സാഹചര്യമാണെങ്കിൽ അതിൻറെ പ്രത്യാഘാതമെന്തെന്നു നമ്മൾക്കറിയാം.

ചിലർക്കു പ്രതിഫലമായി കിട്ടുന്ന തുക മറ്റവകാശികൾക്കു വീതം വച്ചുപോയാൽ മറ്റൊരു വീട് നിർമ്മിക്കാനാകുമോയെന്ന ആശങ്കകൾ ഉണ്ട്. ഇത്തരത്തിൽ വ്യത്യസ്തമായ പ്രത്യാഘാതങ്ങളാണ് ഓരോ കുടുംബങ്ങൾക്കുമുള്ളത്. ഇത്തരം കാര്യങ്ങൾ തുറന്നുപറയുമ്പോൾ അത്തരം കാര്യങ്ങൾ സമാഹരിച്ച് റിപ്പോർട്ടുണ്ടാക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്.

പദ്ധതി വേണോ വേണ്ടയോ എന്ന ചോദ്യം പോലും ഈ പഠനത്തിൻറെ ഭാഗമായി ഇല്ല. ഇതുവരെയുള്ള സർവേയിൽ അനുകൂലമായും പ്രതികൂലമായും പ്രതികരിച്ചവരുണ്ട്. സർവേയിലുൾപ്പെട്ട വീട്ടുകാർക്ക് അനുകൂലമോ പ്രതിക്കൂലമോ ആയ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാം. അത് അവരുടെ അവകാശമാണ്.

എന്നാൽ, ജനാധിപത്യപരമായ ഈ അവകാശത്തെ ചിലർ സമ്മർദങ്ങൾ ഉപയോഗിച്ച് അടിച്ചമർത്താനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. പ്രതിഷേധക്കാർക്കും രാഷ്ട്രീയ പാർട്ടികൾക്കും അഭിപ്രായം പ്രകടപ്പിക്കാനുള്ള അവസരം ഇതിൻറെ രണ്ടാം ഘട്ടത്തിലുണ്ടെന്നും അദ്ദേഹം പറഞ്ഞു. പയ്യന്നൂർ നഗരസഭയിലെ വാർഡ് 22ൽ 12 വീടുകളുടെയും 25 ൽ 17 വീടുകളുടെയും സർവേയാണ് നടന്നത്. വീടുകൾ വളരെ കുറവായ 28,29 വാർഡുകളിലെ സർവേ ഉടൻ പൂർത്തിയാവുമെന്നും ഷാജു ഇട്ടി പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.